ഇടവാ ഗ്രാമപഞ്ചായത്ത്

# വികസനരേഖ



## അധികാരം ജനങ്ങളിലേക്ക്



OFFICE OF THE EDAVA GRAMA PANCHAYAT



"ഇൻഡ്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്"

-ഗാന്ധിജി

# ഉപസംഹാരം

ഇതൊരു തുടക്കമാണ്. ലോകം മുഴുവനും ഉറ്റു നോക്കുന്ന ലോകത്തിനാകെ മാതൃകയാകാവുന്ന തുടക്കം. ഇതുവരെ ഒരു രാജ്യവും പരീക്ഷിച്ചിട്ടില്ലാത്ത ജനകീയാസൂത്രണം എന്ന ഈ പദ്ധതിക്ക് അക്കാരണം കൊണ്ടുതന്നെ മാതൃകകളില്ല. വളരെ ദുഷ്കരമായ ഒരു യജ്ഞത്തിലാണ് നാം. ഈ പ്രവർത്തനങ്ങളുടെ മുന്നോടിയായി നടത്തപ്പെട്ട ശില്പശാലകളും, ഗ്രാമസഭകളും പ്രാരംഭത്തിൽ മന്ദഗതിയിലായിരുന്നെങ്കിൽ പിന്നീട് വമ്പിച്ച ജനപങ്കാളിത്തമാണ് നേടിയത്. എല്ലാവരും ഒത്തൊരുമിച്ച് വിഭാഗീയ ചിന്തകൾക്ക് അതീതമായി ജനകീയാസൂത്രണത്തെ സ്വന്തം പദ്ധതിയായി അംഗീകരിച്ചത് ആശാവഹമാണ്. നാടിന്റെ വികസനമെന്ന ഒരേ ചിന്തയോടുകൂടി ഒത്തൊരുമിച്ചത് ശുഭോദർക്കമാണ്. ഓരോ വർഷവും ഗ്രാമസഭകൾ സമ്മേളിച്ച് സമഗ്രമായ ചർച്ചകൾ നടത്തി പദ്ധതികളുടെ കോട്ടങ്ങളും നേട്ടങ്ങളും വിലയിരുത്തേണ്ടതാണ്. അതിനു പഞ്ചായത്ത് അംഗങ്ങളുടേയും മറ്റും അർപ്പണബോധത്തോടെയുള്ള പ്രവർത്തനവും ഉണ്ടാകണം. നാമെല്ലാം ആഗ്രഹിക്കുന്ന സമത്വസുന്ദരമായ ഒരു "നല്ല നാളെയുടെ" സൃഷ്ടിയ്ക്ക് നമുക്കൊത്തു ചേരാം. ജനകീയാസൂത്രണ പദ്ധതിയുടെ എല്ലാ പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി സഹകരിച്ച ഓരോ വ്യക്തിയോടുമുള്ള കടപ്പാടുകൂടി രേഖപ്പെടുത്തിക്കൊള്ളട്ടെ.

## ക്രോഡീകരണം നടത്തിയവർ

സർവ്വശ്രീ. എം. ജനാർദ്ദനൻ

എൻ. ഗീതപ്രിയൻ

കെ. ശിവൻപിള്ള

എസ്. വിജയലക്ഷ്മി

എസ്. പുരുഷോത്തമൻനായർ

വി. ശോഭനാദേവൻ

സി. ദിവാകരൻനായർ

സി. എ. സൈനുദ്ദീൻ

പി. എസ്. ജനാർദ്ദനൻ

എൻ. സോമരാജൻ

ഡോ. എൻ. കെ. ശ്രീകുമാർ

## ഇടവാ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർ

| | |
|---|---|
| സെക്രട്ടറി : | എൻ. ശ്രീധരൻ തമ്പി |
| ഹെഡ് ക്ലാർക്ക്: | ജി. ദയാനന്ദൻ |
| യു.ഡി. ക്ലാർക്ക്: | കെ. സരസ്വതി<br>കെ.എ. സന്തോഷ്കുമാർ |
| എൽ. ഡി. ക്ലാർക്ക്: | വി. മധുസൂദനൻ<br>സലിൽ, എ. സോണി |
| പ്യൂൺ: | എം. വിക്രമൻ |
| ഫുൾ ടൈം സ്വീപ്പർ: | കെ. ശാന്ത |
| പാർട്ട് ടൈം സ്വീപ്പേഴ്സ്: | എ. കമലം<br>കെ. വസന്ത |
| ക്രോസ് ബാർ കീപ്പർ: | അബ്ദുള്ള |

## എഡിറ്റർ

**വി. അപ്പുക്കുട്ടൻ**

**എഡിറ്റോറിയൽബോർഡ്**

എൻ. സദാശിവൻ

സി. ഭാസി

എം. ജനാർദ്ദനൻ

ജെ. ശിവമണി

കെ.ശിവൻപിള്ള

എസ്. പുരുഷോത്തമൻനായർ

എസ്. സതീശൻ

എസ്. വിജയലക്ഷ്മി

സി. എ. സൈനുദ്ദീൻ

എം. ശോഭനാദേവൻ

എൻ. ഗീതപ്രിയൻ

പ്രൊ: കെ. അബ്ദുൽറബ്ബ്



ശ്രീ. എ. സമ്പത്ത് എം. പി



ശ്രീ. അലി ഹസ്സൻ M.L.A



ശ്രീ. സത്യൻ
ജില്ലാപഞ്ചായത്ത് പ്രസിഡന്റ്



ശ്രീമതി ശൈലജാവാരിജാക്ഷൻ
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്



ശ്രീ. കെ. അശോകൻ
ജില്ലാപഞ്ചായത്ത് മെമ്പർ



ശ്രീ. എം. അൽത്താഫ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

# മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



ഒന്നാമത്തെ പഞ്ചായത്ത് പ്രസിഡന്റ്
ശ്രീ. എം. മുഹമ്മദ്ഹനീഫ



രണ്ടാമത്തെ പഞ്ചായത്ത് പ്രസിഡന്റ്
ശ്രീ. കെ. എം. ഇസ്മായിൽ



അഡ്വ:മുഹമ്മദ് ഷാഫി



ശ്രീ. എൻ. സദാശിവൻ



കെ. എസ്. ഗോപകുമാർ
പ്രസിഡന്റ്



കെ. എച്ച്. അൻസാരി
വൈസ് പ്രസിഡന്റ്



കെ. സരോജിനിഅമ്മ
സ്റ്റാന്റിംഗ്കമ്മിറ്റിചെയർമാൻ



കെ.പി. രാധാമണി
മെമ്പർ



ബി. ജനാർദ്ദനൻ
മെമ്പർ



എ. റഷിദ
മെമ്പർ



സി. സുധാകരൻ
മെമ്പർ



ഡി. ഗോപകുമാർ
മെമ്പർ



ആർ. ഉദയൻ
മെമ്പർ



സോഫിയാസലീം
മെമ്പർ



കെ. ലളിതാഭായി
മെമ്പർ



**കമ്മ്യൂണിറ്റിഹാൾ**

**തോട്ടുംമുഖം അംബേദ്കർ - ഗ്രാമം - ഇടവ**



**കാപ്പിൽ ഭഗവതിക്ഷേത്രം**



ക്ഷീരവ്യവസായ സഹകരണസംഘം മന്ദിരം



വെൺകുളം പബ്ലിക് മാർക്കറ്റ്-ഒരു ദൃശ്യം



ഗവർമ്മെന്റ് ഹൈസ്ക്കൂൾ കാപ്പിൽ



ഓടയം പള്ളി



വില്ലേജാഫീസ്-ഇടവാ



ഗവർമ്മെന്റ് ആയുർവ്വേദ ഡിസ്പെൻസറി



കാപ്പിൽ കായലോരം



ഗവർമ്മെന്റ് L.P.S. വെൺകുളം



ഇടവാ-കാപ്പിൽ പാലം കൊല്ലം ജില്ലയുമായി ബന്ധിപ്പിക്കുന്നു



പുതുതായിപണിത ഇടവ P.H. സെന്ററിന്റെ ആശുപത്രി കെട്ടിടം



P.H. സെന്റർ ഇടവ





മുകിലന്റെ ആക്രമണത്തിനു വിധേയമായകാപ്പിൽ ശിവക്ഷേത്രം



മുകിലന്റെ ആക്രമണത്തിൽ ഒരു കൈ നഷ്ടപ്പെട്ട കാപ്പിൽ ശിവക്ഷേത്രത്തിലെ ഒരു പ്രതിമ



ഇടവാ വലിയപള്ളി



ഇടവാ-കാപ്പിൽ ~~[illegible]~~പ്പാലം-കൊല്ലം ജില്ലയുമായി ബന്ധിപ്പിക്കുന്നു.

# ആമുഖം

കേരളം പലകാര്യങ്ങളിലും ഇൻഡ്യക്ക് മാതൃകയായിത്തീർന്നിട്ടുണ്ട്. സാക്ഷരത, പൊതുജനാരോഗ്യം, ശുചിത്വം തുടങ്ങിയ പലമേഖലകളിലും ഇക്കാര്യം കാണാൻ കഴിയും. ഇപ്പോൾ ആസൂത്രണത്തിന്റെ കാര്യത്തിലും അത് ആവർത്തിക്കാൻ പോകുകയാണ്. കഴിഞ്ഞ എട്ടുപഞ്ചവത്സരപദ്ധതികൾ പ്രതീക്ഷിച്ചതുപോലെയുള്ള സൽഫലങ്ങൾ ഉളവാക്കിയില്ല എന്നത് കേവലം യാഥാർത്ഥ്യം മാത്രമാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനോ, ജീവിതനിലവാരം ഉയർത്തുന്നതിനോ കഴിഞ്ഞിട്ടില്ല. നമ്മൾ തുടർന്നുപോരുന്ന വികസന സങ്കല്പങ്ങൾക്കും ധാരണകൾക്കും അടിസ്ഥാനപരമായി സംഭവിച്ചിട്ടുള്ള വൈകല്യങ്ങളാണ് ഇതിനു കാരണം. അതിനാൽ ഒമ്പതാം പദ്ധതി ഒരു പുത്തൻ വികസനസംസ്ക്കാരത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. വമ്പിച്ച ജനപങ്കാളിത്തത്തോടെ വ്യക്തമായ ലക്ഷ്യബോധത്തിലൂടെ നടപ്പിലാക്കാൻ പോകുന്ന ഈ പുതിയ സംവിധാനം നാട്ടിന്റെ പുരോഗതിക്കു ആക്കം വർദ്ധിപ്പിക്കും എന്ന പ്രതീക്ഷയാണുള്ളത്.

അധികാരം ജനങ്ങളിലേക്കെന്നും ഒമ്പതാം പദ്ധതി ജനകീയപദ്ധതിയെന്നും ആസൂത്രണം താഴെത്തട്ടിൽ നിന്നും ആരംഭിക്കണമെന്നും ഉള്ള സന്ദേശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടും നടത്തപ്പെട്ട ഏകദിന ശില്പശാല ഒരു വിജയം തന്നെയായിരുന്നു. നാടിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് വർദ്ധിച്ച ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കിയാൽ നാട്ടിനും നാട്ടാർക്കും ഉണ്ടാകുന്ന നേട്ടങ്ങൾ വ്യക്തമാക്കിക്കൊണ്ട് സെപ്റ്റംബർ മാസത്തിൽ വിശേഷാൽ ഗ്രാമസഭകൾ നടത്തപ്പെട്ടു. പ്രസ്തുത സഭകളിൽ ജനകീയ ആസൂത്രണം എന്താണെന്നും അതിന്റെ പ്രസക്തിയും പ്രാധാന്യവും ഒരു പുത്തൻ വികസന സംസ്ക്കാരത്തിന്റെ ആവശ്യകതയും ബോധ്യമാക്കപ്പെട്ടു. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഓരോ ഗ്രാമസഭയിലും വർദ്ധിച്ച ജനപങ്കാളിത്തം ഉണ്ടായി എന്നുമാത്രമല്ല നാടിന്റെ ആവശ്യങ്ങളെക്കുറിച്ച് സജീവവും ഫലപ്രദവുമായ ചർച്ചകളും നടന്നു. പഞ്ചായത്തിലെ പതിനൊന്നു വാർഡുകളിൽ നടന്ന ഗ്രാമസഭകളിൽ 1800 ൽ പരം ആളുകൾ പങ്കെടുത്തു. ജില്ലാതലത്തിലും പഞ്ചായത്ത്തലത്തിലും പരിശീലനം ലഭിച്ച പ്രതിനിധികളായിരുന്നു ചർച്ചകൾക്കും മറ്റും നേതൃത്വം നൽകിയത്.

ഗ്രാമസഭകൾ എല്ലാം വിജയകരമായി സമാപിച്ചതിനെ തുടർന്നു ഗ്രാമസഭാറിപ്പോർട്ടിൻമേലുള്ള ക്രോഡീകരണം നടന്നു. തുടർന്ന് രണ്ടാം ഘട്ട ഏകദിനശില്പശാല വിളിച്ചുകൂട്ടി സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും ഭൂപഠനയാത്ര നടത്തുകയും ചെയ്തു. ഇതുവരെ പഞ്ചായത്തിൽ നടന്ന പദ്ധതികളുടെ അവലോകനവും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നപദ്ധതികളെപറ്റിയുള്ള ചർച്ചകളും നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിനുവേണ്ടിയുള്ള പുതിയ വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിന് രൂപീകരിച്ച കമ്മറ്റിയാണ് ഈ റിപ്പോർട്ടിനു രൂപം നൽകിയിട്ടുള്ളത്. ഒരു പുത്തൻ ആസൂത്രണപ്രക്രിയയിലൂടെ കൂടുതൽ ജനപങ്കാളിത്തത്തോടെ സമഗ്ര വികസനത്തെ ലക്ഷ്യമാക്കി നടത്തപ്പെടുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതി ഈ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനു സഹായകമാകുമെന്ന പ്രതീക്ഷയൊടെ ഈ വികസനരേഖ സവിനയം സമർപ്പിക്കുന്നു.

# പഞ്ചായത്ത് പൊതുവിവരം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | ഇടവ |
| ഉൾപ്പെടുന്ന വില്ലേജ് | ഇടവ |
| ബ്ലോക്ക് പഞ്ചായത്ത് | വർക്കല |
| താലൂക്ക് | ചിറയിൻകീഴ് |
| ജില്ല | തിരുവനന്തപുരം |
| അസംബ്ലിമണ്ഡലം | വർക്കല |
| പാർലമെന്റ് മണ്ഡലം | ചിറയിൻകീഴ് |
| വിസ്തീർണ്ണം | 9.14 ച.കി.മീ |
| വാർഡുകൾ | 11 |
| **അതിരുകൾ** | |
| വടക്ക് | ഇടവ- നടയറ കായൽ |
| കിഴക്ക്, തെക്ക് | വർക്കല നഗരസഭ |
| പടിഞ്ഞാറ് : | അറബിക്കടൽ |
| ജനസംഖ്യ | 26537 |
| (1991 ലെ സെൻസസ് പ്രകാരം) | |
| പുരുഷന്മാർ | 12560 |
| സ്ത്രീകൾ | 13977 |
| സാക്ഷരർ | 24617 |
| പ്രസിഡന്റ് : | ശ്രീ. കെ. എസ്. ഗോപകുമാർ |
| വൈസ് പ്രസിഡന്റ് : | ശ്രീ. കെ. എച്ച്. അൻസാരി |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ : | ശ്രീമതി. സരോജനി അമ്മ |

# പഞ്ചായത്ത് സമിതി

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. കെ. എസ്. ഗോപകുമാർ |
| വൈസ് പ്രസിഡന്റ് | ശ്രീ. കെ. എച്ച്. അൻസാരി |
| സ്റ്റാന്റിംഗ് കമ്മറ്റി | |
| ചെയർപേഴ്സൺ | ശ്രീമതി. കെ. സരോജനി അമ്മ |
| മെമ്പർമാർ | ശ്രീമതി. കെ. പി. രാധാമണി |
| | ശ്രീ. ബി. ജനാർദ്ദനൻ |
| | ശ്രീമതി. എ. റഷീദ |
| | ശ്രീ. സി. സുധാകരൻ |
| | ശ്രീ. ഡി. ഗോപകുമാർ |
| | ശ്രീ. ആർ. ഉദയൻ |
| | ശ്രീമതി. സോഫിയാ സലിം |
| | ശ്രീമതി. കെ. ലളിതാഭായി |

# ഇടവ ഗ്രാമപഞ്ചായത്തിന്റെ ചരിത്ര പശ്ചാത്തലം

ചരിത്ര പ്രസിദ്ധിയാർജ്ജിച്ച ഒരു പഞ്ചായത്താണ് ഇടവാഗ്രാമ പഞ്ചായത്ത്. അറബിക്കടൽ അതിരൊരുക്കുന്ന ഈ കൊച്ചുഗ്രാമം പ്രകൃതിമനോഹരമാണ്. വേണാടിന്റെ വടക്കു പടിഞ്ഞാറെ അതിർത്തിയായിരുന്നു ഇടവാ. ഉമയമ്മറാണിയുടെ ഭരണകാലത്ത് വേണാട് ആക്രമിച്ച മുകിലന്മാർ തോവാള മുതൽ ഇടവാ വരെ ആധിപത്യം സ്ഥാപിച്ചു എന്നുചരിത്ര പരാമർശം ഉണ്ട്. ആറ്റിങ്ങൽ റാണിയുടെ അനുവാദപ്രകാരം 1726-ൽ ഇംഗ്ലീഷുകാർ ഇടവായിൽ ഒരു പണ്ടകശാല നിർമ്മിച്ചു. അതിനുമുമ്പുതന്നെ ഡെന്മാർക്കിലെ ചില വ്യാപാരികൾ ഇടവാ കേന്ദ്രമാക്കി കച്ചവടം നടത്തിപ്പോന്നതായി ശ്രീ. കെ. പി. പത്മനാഭ മേനോന്റെ "കേരള ചരിത്രത്തിൽ" പരാമർശമുണ്ട്. വേണാട്ട് അധിപന്മാരുടെ കാലത്ത് നാടുകടത്തുക എന്ന അർത്ഥത്തിൽ "ഇടവാകടത്തുക" എന്ന പ്രയോഗം തന്നെ പ്രചാരത്തിലുണ്ടായിരുന്നല്ലോ. ഈ ചരിത്ര വസ്തുതകളെല്ലാം ഇടവായുടെ പ്രാധാന്യവും പ്രസിദ്ധിയും വെളിപ്പെടുത്തുന്നുണ്ട്. വേണാട്ടു അരചന്മാരുടെ ധാന്യസംഭരണ പുരകളിലൊന്നായ നെല്ലുരയും ചെറുകപ്പലുകൾ നങ്കൂരമിട്ടിരുന്ന തുറമുഖവും ഈ പഞ്ചായത്തിന്റെ പ്രസിദ്ധി വർദ്ധിപ്പിച്ചിരുന്നു. പായ്ക്കപ്പൽ നിർമ്മാണത്തിൽ ഈ പ്രദേശം കേൾവിപ്പെട്ടിരുന്നു. മൺമറഞ്ഞുപോയ ആ സുവർണ്ണകാലത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ ഇന്നും പഞ്ചായത്തിന്റെ നാലാം വാർഡിൽ വെറ്റക്കടവ് പ്രദേശത്ത് കാണുവാൻ കഴിയും. ഈ നൂറ്റാണ്ടു ദർശിച്ച മഹാപുരുഷന്മാരിൽ അഗ്രഗണ്യനായിരുന്ന ശ്രീ നാരായണ ഗുരുദേവന്റെ പ്രധാന പ്രവർത്തന കേന്ദ്രങ്ങളിലൊന്നായ ശിവഗിരിയോടു തൊട്ടു കിടക്കുന്ന ഇടവാ പഞ്ചായത്ത് സാമൂഹ്യ നവോത്ഥാന പ്രവർത്തനങ്ങളുടെ ഈറ്റില്ലം കൂടിയായിരുന്നു. അയിത്തത്തിനും ജാതി വ്യവസ്ഥയ്ക്കും എതിരായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി ഒരു പുരോഗമന പ്രസ്ഥാനം രൂപം കൊണ്ടു. ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനഫലമായി കയർ കാർഷിക മേഖലകളിൽ സംഘടിത തൊഴിൽ പ്രസ്ഥാനങ്ങൾ ഉടലെടുത്തു. ഇക്കാലത്ത് വിദേശങ്ങളിൽ കയർ ഉൽപ്പന്നങ്ങൾ കയറ്റി അയച്ചിരുന്ന ഒരു വൻകിട കയർ ഫാക്ടറി ഇടവാ ഗ്രാമത്തിൽ പ്രവർത്തിച്ചിരുന്നു. കാപ്പിൽ, പാറയിൽ കേന്ദ്രമാക്കി തൊണ്ടുതല്ലും കയർ പിരിവും സജീവമായി നടന്നിരുന്നു. സംഘടിതരായ കയർ തൊഴിലാളികളും നാവിക തൊഴിലാളികളും ജോലിസ്ഥിരതയ്ക്കും, കൂലി വർദ്ധനവിനും വേണ്ടി നടത്തിയിട്ടുള്ള ഐതിഹാസിക സമരങ്ങൾ പഞ്ചായത്തിന്റെ ചരിത്രത്തിൽ തിളക്കമാർന്ന ഏടുകളിൽപ്പെട്ടവയായിരുന്നു. അതുപോലെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള കർഷക സമരങ്ങൾ പ്രത്യേകം പരാമർശയോഗ്യമാണ്.

നൂറ്റാണ്ടുകളായി ഹിന്ദു മുസ്ലിം മൈത്രിയുടെ പ്രതീകമാണ് ഇടവാ പഞ്ചായത്ത്. വർഗ്ഗപരമായ യാതൊരു അപസ്വരങ്ങളും പഞ്ചായത്തിലുണ്ടായിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ഏകോദര സഹോദരരെ പോലെ ഏകമനസ്സോടെ ഇരുവിഭാഗവും കഴിഞ്ഞുപോരുന്നതിന്റെ പ്രധാന കാരണം പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിയാണ്. മറ്റു പ്രദേശങ്ങളിൽ വ്യാവസായിക വാണിജ്യപുരോഗതിക്കു വേണ്ടി ശ്രമമാരംഭിച്ചപ്പോൾ ഇടവാ പഞ്ചായത്തിൽ കൂടുതൽ കൂടുതലായി വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനായിരുന്നു ശ്രദ്ധയർപ്പിച്ചിരുന്നത്. തൽഫലമായി ഉന്നത ബിരുദധാരികളായ അസംഖ്യം പേരെ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രശസ്ത സഞ്ചാര സാഹിത്യകാരനായിരുന്ന എസ്. കെ. പൊറ്റക്കാടിന്റെ ഡയറിയിൽ പരാമർശിച്ചിട്ടുള്ളതു പോലെ വർഷങ്ങൾക്കു മുമ്പുതന്നെ ഇടവയിൽ നിന്നു അനേകം പേർ മലേഷ്യ, സിംഗപ്പൂർ തുട

ങ്ങിയ വിദേശ രാജ്യങ്ങളിലെത്തി. ഒരു പക്ഷെ പ്രസ്തുത രാജ്യങ്ങളിൽ ആദ്യം എത്തിച്ചേർന്ന മലയാളികൾ ഇടവാ സ്വദേശികളായിരുന്നു എന്നാണു അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളത്. ഈ വിഭാഗത്തിൽ പ്പെട്ടവരുടെ നേട്ടങ്ങൾ ഇടവാ പഞ്ചായത്തിന്റെ പുരോഗതിക്കു വഴി തെളിയിച്ചിട്ടുണ്ട്. ഇവരിൽ ശ്രീ. എം. ആർ. മുഹമ്മദു കുഞ്ഞു സ്രാങ്കിന്റെ നാമധേയം ആദരപൂർവ്വം സ്മരിക്കപ്പെടുന്നു. അദ്ദേഹം നേടിയ സമ്പത്തിൽ ഗണ്യമായ ഭാഗം പഞ്ചായത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിക്കായി വിനിയോഗിച്ചു. ഇടവാ മുസ്ലിം ഹൈസ്കൂൾ, ഇടവാ കുഞ്ചിയൻ വിളാകം മിഡിൽ സ്കൂൾ എന്നിവയുടെ സ്ഥാപകൻ അദ്ദേഹമായിരുന്നു. കാപ്പിൽ പബ്ലിക്ക് ലൈബ്രറിക്കു കെട്ടിടം പണിയുവാൻ സ്ഥലം സംഭവാനയായി നൽകിയത് ശ്രീ. എം. ആർ. മുഹമ്മദു കുഞ്ഞ് സ്രാങ്ക് തന്നെയായിരുന്നു. അതുപോലെ കാപ്പിൽ ഗവൺമെന്റ് ഹൈസ്കൂൾ സ്ഥാപിക്കുന്നതിന്റെ അമരക്കാരനായിരുന്ന ശ്രീ. റംസാൻ സ്രാങ്ക്, പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിനു ഒരു ഏക്കർ സ്ഥലം സംഭാവനയായി നൽകിയ ശ്രീ . മുഹമ്മദു അബ്ദുല്ലാ സ്രാങ്ക് എന്നിവരുടെ നാമങ്ങൾ ആദരപൂർവ്വം സ്മരിക്കപ്പെടുന്നു. ഇവരെല്ലാവരും തന്നെ ദീർഘകാലം വിദേശയാത്രചെയ്ത് നാടിനും നാട്ടാർക്കും നേട്ടമുണ്ടാക്കിയവരായിരുന്നു. ഇന്നും വിദേശത്ത് പണിയെടുക്കുന്ന നാട്ടുകാരിൽ നിന്ന് നാടിന്റെ വികസനത്തിനു ഗണ്യമായ സഹായം ലഭിച്ചുപോരുന്നുണ്ട്. ഈ വിധത്തിൽ വിദ്യാഭ്യാസം സാമൂഹ്യ മേഖലയിൽ സ്വാധീനം ചെലുത്തിയതിന്റെ ഫലമായി കേരളത്തിനാകെ മാതൃകയാകും വിധം മതസൗഹാർദ്ദം പഞ്ചായത്തിൽ നിലനിൽക്കുന്നു.

ഇടവാ പഞ്ചായത്തിനെ "ആരാധനാലയങ്ങളുടെ നാട്" എന്നു വിശേഷിപ്പിക്കാവുന്നതാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതൃത്തിയിലെ കാപ്പിൽ ശിവക്ഷേത്രം മുകിലന്മാരുടെ ആക്രമണത്തിനു വിധേയമായിട്ടുള്ള ചരിത്രം നില നിൽക്കുന്നു. ക്ഷേത്രകവാടത്തിന്റെ വലതു വശത്തുള്ള കൽപ്രതിമയുടെ ഇടതുകരം ഛേദിക്കപ്പെട്ട നിലയിൽ കാണാൻ കഴിയും. മുപ്പത്തി ആറു ക്ഷേത്രങ്ങൾ പഞ്ചായത്തിലുള്ളതിൽ എല്ലാറ്റിലും ഉത്സവങ്ങൾ നടക്കുന്നുണ്ട്. കാപ്പിൽ ശിവ – ഭഗവതിക്ഷേത്രങ്ങൾ, ഇടവാപാലക്കാവ് ഭഗവതി ക്ഷേത്രം, മാന്തറ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, വെൺകുളം മംഗലേശ്വരി ക്ഷേത്രം , വെൺകുളം ശ്രീകണ്ഠൻ ശാസ്താ ക്ഷേത്രം എന്നിവ വിഖ്യാതങ്ങളാണ്. പാലക്കാവ് ഭഗവതി ക്ഷേത്രത്തിലെ ആറാട്ടിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആറാട്ടുദിവസം ഉച്ചയ്ക്കു ശേഷം പഞ്ചായത്ത് പ്രദേശത്ത് സർക്കാർ പ്രാദേശിക അവധി നൽകിയിട്ടുണ്ട്. ഇടവായിലെ ആദ്യത്തെ മുസ്ലിം പള്ളി "ഇടവാ വലിയ പള്ളി" (ആലുംമൂട്ടുപള്ളി) ആണ്. ചരിത്ര പ്രസിദ്ധിയാർജ്ജിച്ച ഈ വലിയ പള്ളികൂടാതെ പത്ത് മുസ്ലിം ആരാധനാലയങ്ങളും പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്.

ഇടവായുടെ സാമൂഹ്യ സാംസ്ക്കാരിക രംഗത്ത് പ്രവർത്തന വിജയം നേടിയ ഒരു സ്ഥാപനമാണ് സി. എം. പ്രസ്. എന്ന പേരിൽ അറിയപ്പെടുന്ന കോറനേഷൻ മെമ്മോറിയൽ പ്രസ്. ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവിന്റെ സ്ഥാനാരോഹണത്തിന്റെ സ്മരണയ്ക്കായി കൊല്ലവർഷം 1107-ലാണ് പ്രസ്തുത മുദ്രണശാല സ്ഥാപിക്കപ്പെട്ടത്. ഇടവാ മുട്ടിയാൻവിള വീട്ടിൽ എം. എസ്. ജമാൽ മുഹമ്മദ് & ബ്രദേഴ്സ് സ്ഥാപിച്ച ഈ പ്രസിൽ, മലയാളം, ഇംഗ്ലീഷ്, തമിഴ്, അറബി, ഉറുദു, പേർഷ്യൻ തുടങ്ങിയ ഭാഷകളിൽ മുദ്രണം നടത്തിയിരുന്ന ഈ അച്ചടിശാല ദക്ഷിണേന്ത്യ ആകെ പ്രസിദ്ധിയാർജ്ജിച്ചിരുന്നു. തിരുവിതാംകൂർ സർക്കാരിന്റെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് പ്രൈമറി ക്ലാസ്സുകളിലേക്കുള്ള അറബി പാഠപുസ്തകങ്ങൾ വളരെക്കാലം ഈ പ്രസ്സിൽ നിന്നാണ് അച്ചടിച്ചു വിതരണം ചെയ്തിരുന്നത് എന്നകാര്യം പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. ഈ പ്രസ്സ് കെട്ടിടത്തിന്റെ ഒരു ഭാഗത്തായിരുന്നു ആദ്യമായി ഇടവായിൽ പോസ്റ്റാഫീസ് പ്രവർത്തനം ആരംഭിച്ചത്.

സുപ്രസിദ്ധ സാഹിത്യകാരനും കേരളത്തിലെ യോഗ ആചാര്യന്മാരിൽ പ്രഥമഗണനീയനുമായിരുന്ന ശ്രീ. വെൺകുളം പരമേശ്വരൻ, എണ്ണപ്പെട്ട വാഗ്മിയും, സാഹിത്യകാരനും ദേവസ്വം ബോർഡു കമ്മിഷണറുമായിരുന്ന ശ്രീ. കാപ്പിൽ കെ. പി. കേശവൻ എന്നിവരുടെ നാമധേയങ്ങൾ പഞ്ചായത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ പ്രത്യേകം സ്മരിക്കപ്പെടുന്നു. 1957 ൽ നിലവിൽ വന്ന പ്രഥമ കേരള മന്ത്രിസഭയിലെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായി പ്രശംസനീയമായ സേവനം അനുഷ്ഠിച്ച ശ്രീ. റ്റി. എ. മജീദ് ഈ പഞ്ചായത്തിന്റെ സൽപുത്രന്മാരിൽ പ്രമുഖനായിരുന്നു. പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട കൈരളി ബുക്ക് സ്റ്റാൾ എന്ന പുസ്തകപ്രസിദ്ധീകരണശാല സ്ഥാപിച്ചവരും പ്രത്യേക പരാമർശമർഹിക്കുന്നു.

ഇടവാ പഞ്ചായത്ത് 1952-53-ലാണ് നിലവിൽ വന്നത്. കാപ്പിൽ, പാറയിൽ, ഇടവ, മാന്തറ, ഓടയം, വെൺകുളം, എന്നീ പ്രദേശങ്ങളുൾപ്പെട്ടതാണ് ഇടവാ പഞ്ചായത്ത്. പഞ്ചായത്തിന്റെ ഒന്നാമത്തെ പ്രസിഡന്റ് ശ്രീ. മുഹമ്മദു ഹനീഫാ ആയിരുന്നു. എട്ട് അംഗങ്ങൾ ഉണ്ടായിരുന്ന ഈ പഞ്ചായത്ത് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ സർവ്വശ്രീ. യു.അബ്ദുൽ ഹമീദ്, എസ്. കൃഷ്ണൻ, കെ. എം. ഇസ്മായിൽ, കെ. ശേഖരപിള്ള, വി. കുഞ്ഞുരാഘവൻ, എൻ. നടരാജൻ, പരമുപിള്ള സാർ എന്നിവരായിരുന്നു. ശ്രീ. നടരാജൻ രാജിവെച്ച ഒഴിവിൽ ശ്രീ. എൻ. സദാശിവൻ തെരഞ്ഞെടുക്കപ്പെട്ടു.

തുടർന്നു ശ്രീ. കെ. എം. ഇസ്മായിൽ പ്രസിഡന്റായി. 1963 മുതൽ 1979 വരെ ശ്രീ. റ്റി. എം. മുഹമ്മദ് ഷാഫി പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു. 1979 മുതൽ 95 വരെ ശ്രീ. എൻ. സദാശിവനായിരുന്നു പ്രസിഡന്റായി പ്രവർത്തിച്ചത്. 1963 മുതലാണ് പഞ്ചായത്തിന്റെ നാനാതുറയിലുമുള്ള വികസനത്തിനു തുടക്കമിട്ടത്. പ്രാരംഭത്തിൽ ഇടവായിൽ ഒരു വാടക കെട്ടിടത്തിലാണ് പഞ്ചായത്ത് ആഫീസ് പ്രവർത്തനം ആരംഭിച്ചത്. 1988-ലാണ് സ്വന്തം കെട്ടിടത്തിലേയ്ക്ക് ആഫീസ് മാറ്റിയത്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മാർക്കറ്റ് നിർമ്മിക്കുന്നതിനു സ്ഥലം സംഭാവനയായി നൽകിയത് 558-ാം നമ്പർ വെൺകുളം സന്മാർഗ്ഗ പ്രദായിനി N. S. S. കരയോഗമായിരുന്നു. തുടർന്നു നടന്നിട്ടുള്ള വികസന പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ പുരോഗതിയിലേക്കുള്ള കാൽ വെയ്പുകളാണ്. ഇന്നു പതിനൊന്ന് അംഗങ്ങളുള്ള കമ്മിറ്റിയാണു പഞ്ചായത്തിനുള്ളത്. ശ്രീ. കെ. എസ്. ഗോപകുമാറാണ് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. എച്ച്. അൻസാരി വൈസ് പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്നു.





# ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

തിരുവനന്തപുരം ജില്ലയുടെ അതിർത്തി പ്രദേശമായ ഇടവാഗ്രാമപഞ്ചായത്ത് പടിഞ്ഞാറ് അറബിക്കടൽ, കിഴക്കും തെക്കും വശങ്ങളായി വർക്കല നഗരസഭയും, വടക്ക് ഭാഗത്ത് ഇടവ-നടയറ കായലുമാണ് അതിർത്തികൾ. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തു നിന്ന് ഇരുവശങ്ങളിലേക്കും ചരിഞ്ഞാണ് പഞ്ചായത്തിന്റെ കിടപ്പ്.

ഭൂപ്രകൃതി അനുസരിച്ച് ഇടവാ പഞ്ചായത്തു പ്രദേശങ്ങളെ അഞ്ച് മേഖലകളായി തിരിക്കാം.

1. **ഉയർന്ന സമതലം**
2. **ചരിവു പ്രദേശങ്ങളും താഴ്‌വരകളും**
3. **സമതല പ്രദേശങ്ങൾ**
4. **താഴ്ന്ന പ്രദേശങ്ങൾ**
5. **തീരപ്രദേശം**

## ഉയർന്ന സമതലം

പഞ്ചായത്തിലെ 2,7,9,10 എന്നീ പ്രദേശങ്ങളിലാണ് പ്രധാനമായും ഈ വിഭാഗത്തിൽ വരുന്ന പ്രദേശങ്ങൾ. തെങ്ങ്, മാവ്, തുടങ്ങിയ വൃക്ഷങ്ങളാണ് കൂടുതലായി കാണപ്പെടുന്നത്.

## ചരിവുപ്രദേശങ്ങളും താഴ്‌വരകളും

പഞ്ചായത്തിലെ 2, 5, 7, 9, 11 എന്നീ വാർഡുകളിലാണ് ഏറ്റവും കൂടുതൽ ചരിവു പ്രദേശങ്ങൾ കാണപ്പെടുന്നത്. 2-ാം വാർഡിലെ തോട്ടുംമുഖം ഭാഗത്തുള്ള കുത്തനെയുള്ള ചരിവുപ്രദേശങ്ങൾ ഇടവ-നടയറ കായലിൽ അവസാനിക്കുന്നു. 7-ാം വാർഡിലെ പൊയ്കയിലെ ചരിവ് പ്രദേശം നെൽപ്പാടത്തിലാണ് എത്തുന്നത്. കശുമാവും തെങ്ങും ഈ പ്രദേശത്ത് വളരെയധികം കൃഷി ചെയ്യപ്പെടുന്നു. 10-ാം വാർഡിൽ "കോട്ടേപാണി" എന്ന സ്ഥലത്തും കുത്തനെയുള്ള ചരിവ് പ്രദേശം കാണാം. ഇവിടെ സുലഭമായി ജലം ലഭിക്കുന്ന നീരുറവകളുണ്ട്. തെങ്ങാണ് പ്രധാന കൃഷി.

## സമതലപ്രദേശങ്ങൾ

പഞ്ചായത്തിന്റെ വിസ്തൃതിയുടെ 80% സമതലപ്രദേശങ്ങളാണ്. ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള പ്രദേശങ്ങളാണ് ഇത്. മിക്കവാറും എല്ലാ വീടുകളിലും അടിസ്ഥാനസൗകര്യങ്ങളായ കിണർ, കക്കൂസ് എന്നിവ ഉണ്ട്. പ്രധാന കൃഷി തെങ്ങ്, വാഴ, പച്ചക്കറി തുടങ്ങിയവ.

## തീരപരപ്രദേശങ്ങൾ

പഞ്ചായത്തിന്റെ 1, 4, 5, 9, 10 എന്നീ വാർഡുകൾ തീരപ്രദേശങ്ങളാണ്. ഈ പ്രദേശത്ത് തെങ്ങ് തിങ്ങി ഞെരുങ്ങി വളരുന്നു. കാറ്റുവീഴ്ച, തെങ്ങിനെ ബാധിക്കുന്നു. തീരപ്രദേശങ്ങളിലും ജനവാസം ഉള്ളതാണ്. വെറ്റക്കട, ശ്രീയേറ്റ്, മാന്തറ, ഓടയം എന്നീ പ്രദേശങ്ങളിൽ മത്സ്യബന്ധനം നടത്തുന്നു.

## ജലവിഭവം

ശരാശരി മഴ ലഭിക്കുന്ന പഞ്ചായത്താണ് ഇടവാ ഗ്രാമപഞ്ചായത്ത്. എങ്കിലും പല വാർഡുകളിലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകുന്നു. പ്രത്യേകിച്ച് 3, 6, 8, 9, 11 എന്നീ വാർഡുകളിൽ വളരെക്കൂടുതൽ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നു. എങ്കിലും 2-ാം വാർഡിലെ തോട്ടുംമുഖത്തും 10-ാം വാർഡിലെ കോട്ടപ്പാണി എന്ന സ്ഥലത്തും പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയുന്ന തരത്തിലുള്ള ജലസ്രോതസ്സുകളുണ്ട്. പഞ്ചായത്തിൽ 12 കുളങ്ങളും 20 പൊതുകിണറുകളും ഇടവാനടയറ കായലും ഉണ്ട്.

**അവലംബം- കാനേഷുമാരി കണക്കുകൾ 1991**

1991-ലെ കാനേഷുമാരി കണക്കുകൾ പ്രകാരം ഇടവാ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 26537. ഇതിൽ 12560 പുരുഷന്മാരും 13977 സ്ത്രീകളുമാണ്. ആകെ 4235 വീടുകളാണ് പഞ്ചായത്തിലുള്ളത്. അതായത് ശരാശരി വീടൊന്നിനു 6.26 ആളുകൾ വീതമുണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്. ചതുരശ്ര കിലോമീറ്ററിനു 2903 ആണ് ജനസാന്ദ്രത.



# കൃഷിയും ജലസേചനവും

ഇടവാ പഞ്ചായത്ത് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒരു കൃഷി മേഖലയായിരുന്നു. കൂടുതൽ പ്രദേശങ്ങളിലും കൃഷി മുഖ്യജീവിതമാർഗ്ഗമായിരുന്നു. ഒട്ടേറെ എല്ലാ വിളകളുടെ കാര്യത്തിലും നാം സ്വയംപര്യാപ്തരുമായിരുന്നു.

പക്ഷെ നിർഭാഗ്യവശാൽ കാർഷിക രംഗത്ത് ഇടവ പഞ്ചായത്ത് ഇന്ന് വളരെ പിന്നോക്കമാണ്. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം, വർദ്ധിച്ചുകൊണ്ടിരിക്കുന്ന കൂലിച്ചെലവ്, വളങ്ങളുടെ വമ്പിച്ച വില വർദ്ധനവ്, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ അപര്യാപ്തത, ജലസേചന സൗകര്യങ്ങളുടെ അഭാവം എന്നിവ നമ്മുടെ കാർഷിക സ്വയം പര്യാപ്തതയെ തകിടം മറിച്ച കാരണങ്ങളാണ്. പുതിയ കൃഷി രീതികൾ പ്രചരിപ്പിക്കാതിരുന്നതും ഉൽപ്പന്നങ്ങളുടെ വിപണനത്തിലുള്ള പാളിച്ചകൾ മൂലമുള്ള വിലയിടിവും ഇവിടെ കൃഷിയെ തളർത്തി. പ്രകൃതിക്ഷോഭങ്ങൾ മൂലം ഉൽപ്പാദനത്തിലുള്ള അസ്ഥിരത മറ്റൊരു കാരണമായിപ്പറയാവുന്നതാണ്. കാർഷിക വൃത്തിയ്ക്ക് സോഷ്യൽ സ്റ്റാറ്റസ് (സാമൂഹ്യമേന്മ) കുറഞ്ഞുപോയതും പുതിയ തലമുറയെ കാർഷിക രംഗത്തുനിന്നകറ്റി നിർത്തുന്നതിനു കാരണമായി. കൃഷിഭൂമി പാർപ്പിടാവശ്യത്തിനായി അനിയന്ത്രിതമായി ഉപയോഗിച്ചതും കൃഷിഭൂമിയുടെ വിസ്തൃതി കുറയ്ക്കുന്നതിനും തദ്വാര കാർഷികോല്പാദനത്തിൽ ഗണ്യമായ കുറവുവരുത്തുന്നതിനും കാരണമായി.

കൃഷി ഭവൻ രേഖകൾ അനുസരിച്ച് ഉദ്ദേശം 650 ഹെക്ടർ സ്ഥലം കൃഷിമേഖലയിൽ പെട്ടതാണെന്നു കാണുന്നു. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 903.8 ഹെക്ടർ ആണ്. തരിശു ഭൂമികൾ താരതമ്യേന കുറവാണ്. ഇതിൽ നെൽകൃഷി 115 ഹെക്ടറാണ്. എന്നാൽ നെല്ലു കൃഷി ചെയ്യുന്ന പാടങ്ങളുടെ അളവ് ഇപ്പോൾ കുറഞ്ഞു വരുന്നു. ഇതിന് കാരണം നെൽപാടങ്ങൾ തെങ്ങിൻ തോപ്പുകളാക്കുകയോ കെട്ടിട നിർമ്മാണത്തിനു ഉപയോഗിക്കുകയോ ചെയ്യുന്നതാണ്. ഇതു നമ്മുടെ പഞ്ചായത്തിന്റെ സമ്പദ്ഘടനയെ സാരമായി ബാധിക്കുന്നു. നിലങ്ങൾ മറ്റാവശ്യങ്ങൾക്കു ഉപയോഗിക്കുന്നതു നിയമം മൂലം തടഞ്ഞിട്ടുണ്ടെങ്കിലും പാലിക്കപ്പെടുന്നില്ല. 30 മേനി വിളവാണ് ശരാശരി നമുക്കു ലഭിക്കുന്നത്. അത്യുൽപാദനശേഷിയുള്ള വിത്താണ് ഇതിനായി ഉപയോഗിക്കുന്നത്. കൃഷിനിലങ്ങളെ രണ്ടായി തരംതിരിച്ചിരിക്കുന്നു. (1) ഒരുപൂ കൃഷി ചെയ്യുന്നവയും (2) ഇരുപൂ കൃഷി ചെയ്യുന്നവയും.

### I ഒരു പൂവ് കൃഷി ചെയ്യുന്ന നിലങ്ങൾ.

1. ചന്ദ്രനല്ലൂർ കുളം
2. പുന്നകുളം
3. വെൺകുളത്ത് വയൽ
4. ഓടുച്ചുട്ടകുളം
5. കന്നുമ്മൽ വയൽ

### II ഇരുപൂവ് കൃഷി ചെയ്യുന്ന നിലങ്ങൾ

1. കാക്കുളം ഏല
2. ഇടവാക്കുളം ഏല
3. പൊയ്ക ഏല
4. ഓടയം ഏല
5. ചിന്നാംകുളം വയൽ

തെങ്ങിൻകൃഷിക്ക് ഏറ്റവും അനുയോജ്യമായ തീരസമതലങ്ങളുള്ളപഞ്ചായത്താകയാൽ തെങ്ങുകൃഷിക്ക് പ്രത്യേകപരിഗണന നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ് ഇത്. നെൽപാടങ്ങളിൽ ഒന്നാം വിള കഴിഞ്ഞാൽ മറ്റു പ്രദേശങ്ങളെപ്പോലെ ഇടകൃഷി ചെയ്യാറില്ല. നെൽ കൃഷിക്കാരിൽ പാട്ടകൃഷിക്കാർ ഇപ്പോഴും പഴയനിലവാരത്തിൽ തന്നെയാണ് കൃഷി ചെയ്തുവരുന്നത്.

നാളികേരത്തിന് താരതമ്യേന മെച്ചപ്പെട്ട വില കിട്ടിവരുന്നതിനാൽ നെൽപാടങ്ങളിൽ ഭൂരിഭാഗവും തെങ്ങുകൃഷിക്കായി മാറ്റുകയാണ്. ആധുനികവിദ്യാഭ്യാസം വ്യാപകമായതോടെ കർഷകതൊഴിലാളികളുടെ പിൻമുറക്കാർ മറ്റു തൊഴിൽ

മേഖലകളിലേയ്ക്കു മാറുകയുണ്ടായി. മുൻകാലത്ത് ചതുപ്പുനിലങ്ങളിൽ നെൽകൃഷിയാണ് ചെയ്തുപോന്നിരുന്നത്. എന്നാൽ അടുത്തകാലത്തായി ഭൂരിഭാഗം സ്ഥലവും വാഴത്തോട്ടങ്ങളും തെങ്ങിൻതോട്ടങ്ങളുമായി രൂപാന്തരപ്പെട്ടപ്പോൾ നെൽകൃഷി പിന്നോക്കം പോയി. നെൽപ്പാടങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് നിമിത്തം ഇടകൃഷികളായ പയർ, പച്ചക്കറി, എന്നിവയേയും ഗണ്യമായി ബാധിക്കുന്നു. മേൽപ്പറഞ്ഞ കാരണങ്ങളാൽ പച്ചകറിയിനങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നു ഇറക്കുമതി ചെയ്യേണ്ടിവരുന്നു. ഇതു നമ്മുടെ സാമ്പത്തിക ഭദ്രതയെ സാരമായി ബാധിക്കുന്നു. തരിശ്ശുഭൂമികളിൽ കൂടുതലും കൃഷിയോഗ്യമാക്കാവുന്നതാണ്.

കരഭൂമിയിൽ മരിച്ചീനി കൃഷിയാണ് പ്രധാനം. കഴിഞ്ഞ 50 വർഷത്തിനുള്ളിൽ ഇതിൽ ഗണ്യമായ കുറവുണ്ടായി. കരഭൂമിയിൽ തെങ്ങും ഫലവൃക്ഷങ്ങളും ഇപ്പോൾ കൂടുതലായി കാണപ്പെടുന്നുണ്ട്. പാർപ്പിടങ്ങളുടെ വർദ്ധനവ് കരഭൂമിയിലെ കൃഷിയിടത്തിന്റെ വിസ്തീർണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ മൊത്തം കർഷക കുടുംബങ്ങൾ 3515 ആണ്. ഇവയിൽ 0.5 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ളവർ 2492 ഉം 0.5 നും 1 ഹെക്ടറിനും ഇടയ്ക്ക് കൃഷിഭൂമിയുള്ളവർ 935-ഉം. ഒരു ഹെക്ടറിനു മുകളിൽ കൃഷി ഭൂമിയുള്ളവർ 88-ഉം ആകുന്നു. ജലസേചന സൗകര്യത്തിനായി കിണർ കുഴിയ്ക്കുന്നതിനും പമ്പു സെറ്റുവയ്ക്കുന്നതിനും സഹായം നൽകുന്നതിന് കുറഞ്ഞത് മുപ്പത് സെന്റു ഭൂമി കൈവശം വേണമെന്നുള്ള വ്യവസ്ഥ പഞ്ചായത്തിലെ ചെറുകിട കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് പ്രധാന തടസ്സമാണ്. ഈ പരിധി കുറവ് ചെയ്ത് കൂടുതൽ പേരെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കണം.

മൾബറി കൃഷി, കൂൺകൃഷി, പുഷ്പകൃഷി, എന്നിവ വ്യാപകമാക്കുന്നതിനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കിയാൽ കൃഷി മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിയും.

സമഗ്ര നാളികേര വികസന പരിപാടി നടപ്പിലാക്കി തേങ്ങയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. കിഴങ്ങു വിളകൾ, പയർ വർഗ്ഗങ്ങൾ, ഫലവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ കൃഷിരീതിയും നടീൽ വസ്തുക്കളും പ്രചരിപ്പിക്കേണ്ടതാണ്.

ജൈവവളങ്ങളുടെ ഉൽപ്പാദനരീതികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും വേണം. ജൈവ വളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുകയും വേണം. ഇതിനു ഗ്രൂപ്പ് ഫാമിംഗ് സമിതികളെ ചുമതലപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെ എല്ലാ കാർഷിക വിളകളേയും വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണം.

ചെറുകിട യന്ത്രോപകരണങ്ങളുടെ ഉപയോഗം കാർഷികരംഗത്ത് നടപ്പിലാക്കേണ്ടതാണ്.

പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾക്കും കൃഷിഭൂമിയ്ക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഉടനടി നഷ്ടപരിഹാരം ലഭ്യമാക്കേണ്ടതാണ്.

നഷ്ടത്തിൽ നിന്നും നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്ന നെൽകൃഷിയെ രക്ഷിക്കുന്നതിന് നൽകുന്ന സഹായം പഞ്ചായത്തിലെ എല്ലാ നെൽകൃഷിക്കാർക്കും ലഭ്യമാക്കണം.

കൃഷി ഭവൻ വഴി അത്യുല്പാദനശേഷിയുള്ള തൈകളും വിത്തുകളും എല്ലാ കർഷകർക്കും ആവശ്യാനുസരണം ലഭ്യമാക്കണം.

## നിർദ്ദേശങ്ങൾ

**(1) ഗ്രൂപ്പ് ഫാമിങ്ങ്**

നെൽകൃഷിയുടെ അഭിവൃദ്ധിയ്ക്കും, മെച്ചപ്പെട്ട വിളവിനും, കൃഷിചെലവിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും ഗ്രൂപ്പ് ഫാമിങ്ങ് വ്യാപകമാക്കണം.

**(2) ജൈവ വള പ്രചാരണം**

മണ്ണിര കമ്പോസ്റ്റ്, പച്ചിലവളം, ചകിരിചോർ ജൈവവളം ഇവ വ്യാപകമാക്കണം.

**(3) സമഗ്ര നാളികേര വികസനം**

ഈ പദ്ധതി പ്രകാരം കിണർ കുഴിക്കുന്നതിനും പമ്പുസെറ്റുവയ്ക്കുന്നതിനും വായ്പല

ഭ്യമാക്കുന്നതിനും കൃഷിഭൂമിയുടെ പരിധി കുറയ്ക്കണം. ഈ പദ്ധതി പ്രകാരം തെങ്ങിനുള്ള രാസവളകിറ്റ് എല്ലാ കർഷകർക്കും ആവശ്യാനുസരണം ലഭ്യമാക്കണം.

**(4) കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷിവികസനം**

മരിച്ചീനി, മധുരക്കിഴങ്ങ്, മറ്റ് കിഴങ്ങുവർഗ്ഗ വിളകളുടെ മേൽത്തരം നടീൽ വസ്തുക്കളും കൃഷി രീതികളും കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുക.

**(5) പയർ, പച്ചക്കറി വിളകളുടെ വികസനം**

പയർ, പച്ചക്കറി തുടങ്ങിയവയുടെ മേൽത്തരം വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുക. മാതൃകാ പച്ചക്കറിതോട്ടങ്ങൾ സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കുക.

**(6) ഫല വൃക്ഷങ്ങളുടെ വികസനം**

മാവ്, പ്ലാവ്, പേര, സപ്പോട്ട. കശുമാവ്, പപ്പായ, മാതളം തുടങ്ങിയ ഫലവൃക്ഷത്തൈകൾ കർഷകർക്ക് ആവശ്യാനുസരണം വിതരണം ചെയ്യുക.

**(7) സുഗന്ധ വിളകളുടെ വികസനം**

സുഗന്ധ വിളകളായ ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ജാതി, ഗ്രാമ്പ് എന്നിവയുടെ കൃഷി ഇടവിളയായി പ്രോത്സാഹിപ്പിക്കണം. ഇവയുടെ മേൽത്തരം നടീൽ വസ്തുക്കളും കൃഷി രീതിയും ലഭ്യമാക്കണം.

**(8) പഴവർഗ്ഗം**

കൈതച്ചക്ക, വാഴ തുടങ്ങിയവ വീട്ടുവളപ്പിലും തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായും കൃഷിചെയ്യുന്നതിനായി ഇവയുടെ മേൽത്തരം നടീൽ വസ്തുക്കളും കൃഷിരീതിയും കർഷകർക്ക് ലഭ്യമാക്കുക.

**(9) ഔഷധകൃഷി, കൂൺകൃഷി, പുഷ്പകൃഷി**

നൂതന കൃഷി സമ്പ്രദായങ്ങളായ മൾബറി കൃഷി. ഔഷധ കൃഷി. കൂൺകൃഷി, പുഷ്പകൃഷി ഇവയുടെ മേൽത്തരം നടീൽ വസ്തുക്കളും കൃഷിരീതികളും താൽപ്പര്യമുള്ള കർഷകർക്ക് ലഭ്യമാക്കുക. ഇവയുടെ വിപണന സൗകര്യവും ഏർപ്പെടുത്തണം.

**(10) കീടനാശിനി**

മാരകവിഷങ്ങളായ കീടനാശിനികളുടെ ഉപയോഗം പരിമിതപ്പെടുത്തി ജൈവജന്യമായ കീടനാശിനികളുടെ ഉൽപ്പാദനരീതികളും ഉപയോഗവും പ്രചരിപ്പിക്കുക.

**(11) ചെറുകിടയന്ത്രങ്ങളുടെ ഉപയോഗം**

കൃഷിപ്പണി എളുപ്പമാക്കുന്ന ചെറുകിട യന്ത്രങ്ങളുടെ ഉപയോഗം പ്രചരിപ്പിക്കുക.

**(12) വിള ഇൻഷ്വറൻസ്**

എല്ലാ വിളകൾക്കും നഷ്ടപരിഹാരം നൽകുന്ന കാർഷികവിള ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക.

(13) ഭൂഗർഭ ജലത്തിന്റെ ഉപയോഗത്തിനായി ആവശ്യാനുസരണം ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ കുഴൽ കിണറുകൾ കുഴിച്ച് ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

(14) ചന്ദ്രനെല്ലൂർ ഏലായിലെ നടുക്കുളം, വെൺകുളം ഏലയിലെ പൊട്ടക്കുളം, പുന്നകുളം ഏലയിലെ കുളം എന്നിവിടങ്ങളിൽ പമ്പുസെറ്റകൾ സ്ഥാപിച്ച് പ്രസ്തുത ഏലകളിലെ ഒരുപ്പൂ കൃഷി ഇരുപ്പൂകൃഷിയാക്കാവുന്നതാണ്.

(15) എല്ലാ ഏലകളിലേയും ജലസേചന തോടുകൾ വൃത്തിയാക്കി ജലസേചന സൗകര്യങ്ങൾ പരിഷ്ക്കരിക്കേണ്ടതാണ്.

(16) കാർഷികോല്പന്നങ്ങൾ കർഷകരിൽ നിന്നും സംഭരിക്കുന്നതിനും ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും പഞ്ചായത്തു തലത്തിൽ സംഭരണ ഡിപ്പോ തുടങ്ങണം.

(17) മണ്ണ് പരിശോധന ഫലപ്രദമായി വ്യാപകമാക്കി ഓരോ കൃഷിയ്ക്കും ചേർക്കേണ്ട വളത്തിന്റെ ഇനവും തോതും കർഷകരിലേയ്ക്ക് പകർന്നു നൽകുക.

(18) വിദ്യാർത്ഥികളെ കൃഷിയോട് ആഭിമുഖ്യമുള്ളവരാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(19) മരമടി മത്സരം, ഞാറുനടീൽ മത്സരം, കൊയ്ത്തു പാട്ടു മത്സരം, കതിർ കാളകെട്ട് മത്സരം എന്നിവ പഞ്ചായത്ത് ആഭിമുഖ്യ

ത്തിൽ സംഘടിപ്പിക്കുക.

(20) ഇടവാ പൊഴി മുറിയുന്നതിന് കാലതാമസം ഉണ്ടാകുന്നത് മഴക്കാലങ്ങളിൽ കൃഷി നാശത്തിന് കാരണമാകുന്നുണ്ട്. ഈ പ്രദേശത്ത് ഒരു ചിറപ്പ്പ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. വെള്ളപ്പൊക്കം മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടം ഒഴിവാക്കാൻ ഇതു വളരെ സഹായകമാണ്.

## കൃഷി

### പട്ടിക ക്രമ നമ്പർ I

### ഭൂമി സംബന്ധിച്ച വിവരം

| ക്രമ നമ്പർ | ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | നിലം | 115.00 |
| 2 | പുരയിടം | 535.00 |
| 3 | പുറംപോക്ക് | - |
| 4 | കൃഷിയോഗ്യ തരിശ് | 107 |
| 5 | കൃഷിയോഗ്യമല്ലാത്തത് | - |
| 6 | ആകെ | 757 |

## കൃഷി

### പട്ടിക ക്രമ നമ്പർ II

### പാടശേഖര കണക്ക്

| ക്രമ നമ്പർ | പാടശേഖരങ്ങളുടെ പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) | കർഷകരുടെ എണ്ണം |
|---|---|---|---|
| 1 | കാൽക്കുളം ഏല | 10 | 50 പേർ |
| 2 | ഇടവാക്കുളം ഏല | 06 | 30 " |
| 3 | പൊയ്ക ഏല | 10 | 40" |
| 4 | ഓടയം ഏല | 08 | 30 " |

# കൃഷി

## ഭൂവിനിയോഗം പട്ടിക. ക്രമനമ്പർ III

| ക്രമനമ്പർ | വിളകൾ | ജലസേചനസൗകര്യം ഉള്ളവ (വിസ്തീർണ്ണം) | മഴയെ ആശ്രയിച്ച് വിസ്തീ.ഹെക്ടർ | പട്ടികജാതി കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1. | നെല്ല് | | | | |
| | വിരിപ്പൂ | ഇല്ല | 80 | തോട്ടിൻമുഖം അംബേദ്ക്കർ | 110 |
| | മുണ്ടകൻ | ,, | 35 | മാന്തറ കാവുവിള | 15 |
| | പുഞ്ച | ,, | 458 | വെള്ളം കിടന്ന പാറ | 17 |
| 2. | തെങ്ങ് | 22 | Nil | മലവിള | 22 |
| 3. | കുരുമുളക് | Nil | 02 | മങ്ങാട്ടുചരുവിള | 43 |
| 4. | മരിച്ചീനി | Nil | 90 | | |
| 5. | വാഴ | 0.75 | 9.25 | | |
| 6. | പച്ചക്കറി | 0.75 | 1.25 | | |
| 7. | പയർവർഗ്ഗങ്ങൾ | Nil | 10.00 | | |
| 8. | പ്ലാവ് | Nil | 10.00 | | |
| 9. | കശുമാവ് | Nil | 08.00 | | |
| 10. | മാവ് | Nil | 08.00 | | |
| 11. | കമുക് | Nil | 1.00 | | |

# കൃഷി

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ പട്ടിക. ക്രമനമ്പർ IV

| | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ചത് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് കൃഷി | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ്റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| I | | 7500 | 9320 | 16820 | 648 | 210 | 118 | 296 | 1266 | – |
| II | | 10438 | 14349 | 24787 | 102 | – | – | – | – | – |
| III | | 3095 | 9738 | 12833 | 361 | 80 | 20 | 30 | 75 | 566 |
| IV | | സർവേ നടത്തിയിട്ടില്ല. | | – | – | – | – | – | – | – |
| V | | 5040 | 6487 | 11527 | 31 | – | – | – | – | – |
| VI | 480 ഹെക്ടർ | 2381 | 6399 | 8780 | 49 | – | – | – | – | 31 |
| VII | | 5889 | 9209 | 15098 | 74 | – | – | – | – | – |
| VIII | | 1626 | 3050 | 4676 | 23 | – | – | – | – | – |
| IX | | 5110 | 9917 | 15027 | 02 | – | – | – | – | – |
| X | | 8037 | 10070 | 18007 | 04 | – | – | – | – | – |
| XI | | 4726 | 8656 | 13382 | – | – | – | – | – | – |



# പരിസ്ഥിതി

## നിർദ്ദേശങ്ങൾ

(1) പഞ്ചായത്തിൽ അടിയന്തിരമായി ഈച്ച, കൊതുക് എന്നിവയെ ഫലപ്രദമായി നിയന്ത്രിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(2) തൊണ്ടു സംസ്കരണത്തിനാവശ്യമായ നൂതന സാങ്കേതിക വിദ്യ നാളികേര വികസന ബോർഡിന്റെ സഹായത്തോടെ പഞ്ചായത്തിന്റെ കയർ മേഖലയിൽ നടപ്പിലാക്കുക. ഇത് തൊണ്ടു സംസ്കരണത്തിലുള്ള അനാവശ്യമായ കാലതാമസം ഒഴിവാക്കാനും തന്മൂലം ഉൽപ്പാദന ചിലവിൽ വൻതോതിൽ കുറവുവരുത്താനും സാധിക്കുന്നു. ഉപോല്പന്നമായ ചകിരിച്ചോർ ജൈവവളമാക്കി മാറ്റുന്നതിനുള്ള സാങ്കേതിക വിദ്യയും പ്രചാരത്തിലാക്കുക. ഇത് കയർ വ്യവസായം കൂടുതൽ ലാഭകരമാക്കും.

ഇന്ന് അനുദിനം മലിനമായിക്കൊണ്ടിരിക്കുന്ന ഇടവാ-നടയറക്കായലിന്റെ ശുചീകരണത്തിന് ഫലപ്രദമായ ശുചീകരണ നടപടികൾ നടപ്പിലാക്കേണ്ടതാണ്. ഇത് പ്രസ്തുത കായലിലെ മത്സ്യകൃഷിയ്ക്കും ടൂറിസവികസനത്തിനും വളരെ സഹായകമായിരിക്കും.

കയർത്തൊഴിലാളികളേയും കായൽത്തീര വാസികളേയും പലതരം രോഗങ്ങളിൽ നിന്നും രക്ഷിക്കുന്നതിനും ഇതുവളരെ സഹായകമാണ്.



# മൃഗസംരക്ഷണം

വർഷങ്ങൾക്കുമുമ്പ് തന്നെ കന്നുകാലി വളർത്തൽ പഞ്ചായത്തിൽ വ്യാപകമായിരുന്നു. പല കുടുംബങ്ങൾക്കും ഉപജീവന മാർഗ്ഗവുമായിരുന്നു. ക്ഷീരോല്പന്നങ്ങളായ വെണ്ണ, തൈര്, നെയ്യ് എന്നിവ സുലഭമായി ലഭിച്ചിരുന്നു. എന്നാൽ പഴയരീതിയിലുള്ള കന്നുകാലിവളർത്തലിൽ ഇപ്പോൾ കാര്യമായ വ്യത്യാസം വന്നിട്ടുണ്ട്. അന്നുനാടൻ ഇനം കന്നുകാലികളെയാണു കൂടുതലായി വളർത്തിയിരുന്നത്. എന്നാൽ അവയുടെ ഉൽപ്പാദന ശേഷി കുറവായിരുന്നു. അതിന്റെ ഫലമായി നാടൻ കന്നുകളെ വളർത്തുന്ന പ്രവണതയ്ക്ക് മാന്ദ്യം സംഭവിച്ചു. പകരം സങ്കര വർഗ്ഗത്തിൽപ്പെട്ട കന്നുകാലികളെ കൂടുതലായി വളർത്താൻ തുടങ്ങി. പാലിന്റെ ഉൽപ്പാദനം വർദ്ധിച്ചു. എന്നാൽ ജനസംഖ്യയിൽ ഉണ്ടായിരിക്കുന്ന അമിതമായ വർദ്ധനവിനു ആനുപാതികമായി പാൽ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടാകുന്നില്ല. സങ്കര ഇനം കന്നുകാലികളെ വളർത്തുന്നതിൽ കർഷകർ വളരെ കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനയും ലഭ്യതക്കുറവും പാലിനു അർഹമായ വില ലഭിയ്ക്കാതിരിക്കുന്നതും കർഷകരെ കൂടുതൽ വിഷമിപ്പിക്കുന്ന ഘടകങ്ങളാണ്. പല കർഷകരും കന്നുകാലി വളർത്തലിൽ നിന്നും പിൻതിരിഞ്ഞിട്ടുണ്ട്.

1985-ലാണ് ഇടവാ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പ് ഒരു സബ് സെന്റർ അനുവദിച്ച് പ്രവർത്തനമാരംഭിച്ചത്. പിന്നീട് ഇത് മൃഗാശുപത്രിയായി ഉയർത്തി ഇപ്പോൾ കാപ്പിലും ഒരു സബ് സെന്റർ പ്രവർത്തിക്കുന്നു. കന്നുകാലി സംരക്ഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ ഒരു പരിധിവരെ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്.

ആരോഗ്യമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിനു പാലും പാലുല്പന്നങ്ങളും മുട്ട, ഇറച്ചി ഇവയുടെ ഉൽപ്പാദനവും സംസ്കരണവും ഉപഭോഗവും വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ഗ്രാമ പഞ്ചായത്തിലുള്ള നാലു കേന്ദ്രങ്ങളിൽ കൂടി പ്രതിദിനം ആയിരത്തി ഒരുനൂറ് ലിറ്റർ പാൽ സംഭരിച്ചു വിതരണം നടത്തുന്നു. ഇതിനുപുറമെ സ്വകാര്യ ഏജൻസികളും മിൽമ തുടങ്ങിയ സർക്കാർ ഏജൻസികളും വിതരണ രംഗത്തുണ്ട് എങ്കിലും പഞ്ചായത്തിലെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല. അതിനാൽ പഞ്ചായത്തിൽ നാലു വാർഡുകളിൽ കൂടിയെങ്കിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഇതിന് അടിയന്തിരനടപടിയുണ്ടാകണം. അതോടൊപ്പം കാലിത്തീറ്റയുടെ ലഭ്യതക്കുറവ് പരിഹരിച്ചും വില കുറച്ചും കർഷകർക്കു പാൽ വില കൂട്ടിക്കൊടുത്തും സഹായിക്കാൻ സർക്കാർ നടപടിയെടുക്കണം.

**1987 മുതൽ 1996 വരെയുള്ള കന്നുകാലികളുടെയും വീട്ടിൽ വളർത്തുന്ന ജീവികളുടേയും കണക്ക്.**

**1987 ൽ**

പശു & കാള- 2371

| | | | | | |
|---|---|---|---|---|---|
| എരുമ | - | 39 | പോത്ത് | - | 5 |
| ആടുകൾ | - | 2661 | കോഴി | - | 12588 |
| താറാവ് | - | 81 | പട്ടി | - | 1430 |

**1996 ൽ**

പശു, കാള 1597

| | | | | | |
|---|---|---|---|---|---|
| എരുമ | - | 39 | പോത്ത് | - | 5 |
| ആടുകൾ | - | 2536 | കോഴി | - | 8614 |
| താറാവ് | - | 241 | പട്ടി | - | 1316 |

## 1. ഇപ്പോൾ ഗവൺമെന്റ് തലത്തിൽ നടപ്പിലുള്ള പദ്ധതികൾ

കന്നുകുട്ടികൾക്ക് സമീകൃതാഹാരം ലഭിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 30 മാസം വരെയോ അല്ലാത്തപക്ഷം ആദ്യ പ്രസവം വ

രെയോ സൗജന്യനിരക്കിൽ കാലിതീറ്റ നൽകുന്നു. നമ്മുടെ പഞ്ചായത്തിൽ ആകെ 55 പേർക്ക് മാത്ര മാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. വരുമാന പരിധി ഇല്ലാതെ തന്നെ ഇതിന്റെ ഗുണം എല്ലാ കർ ഷകർക്കും ലഭ്യമാക്കേണ്ടതാണ്.

## 2. പേ വിഷ നിർമ്മാർജ്ജനം

പേവിഷ നിർമ്മാർജ്ജനത്തിനായി സ്വയം ഭരണസ്ഥാപനങ്ങൾ മുഖേന അലഞ്ഞുതിരിയുന്ന നായ്ക്കളെ പൂർണ്ണമായും നശിപ്പിക്കുക. പ്രതി രോധ ചികിത്സയ്ക്കുള്ള വാക്സിൻ സൗജന്യ നിര ക്കിൽ ആവശ്യാനുസരണം സംഭരണത്തിനും വിത രണത്തിനും സംവിധാനം ഉണ്ടാകുന്നതു നന്നായി രിക്കും..

## 3. കന്നുകാലി രോഗ നിയന്ത്രണ പദ്ധതി

കുളമ്പുരോഗം, അടപ്പൻ, കാലിവസന്ത തുട ങ്ങിയവയ്ക്കുള്ള പ്രതിരോധ കുത്തിവയ്പുകളും കാലോചിതമായി നടപ്പിൽ വരുത്തേണ്ടതാണ്. ഇവയ്ക്കുള്ള പ്രതിരോധ കുത്തിവയ്പിനുള്ള വാക്സിൻ ആവശ്യാനുസരണം യഥാസമയം ലഭി ക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാകുന്നു.

## 4. I. R. D. P. പരിപാടി.

ഈ പദ്ധതിപ്രകാരം ലഭിക്കുന്ന ആടുമാടു കളുടെയും മറ്റും പൂർണ്ണവിവരം താഴെ കൊടു ക്കുന്നു.

1. ആടുവളർത്തൽ
2. പന്നിവളർത്തൽ
3. മുയൽ വളർത്തൽ
4. പശു വളർത്തൽ

ഈ പദ്ധതി പ്രകാരം മേൽ പറഞ്ഞ കന്നു കാലികളും മറ്റും അനർഹരായ പലർക്കും ഇതു ലഭിക്കുന്നു. ഒഴിവാക്കുകയും, അർഹരായവർക്കും താൽപ്പര്യം ഉള്ളവർക്കും ആവശ്യമായ സാങ്കേതിക വിദ്യ നൽകുകയുംവേണം.

## 5. കാലിതീറ്റ മിശ്രണം, സമീകൃത ആഹാര നിർമ്മാണം

ഈ പദ്ധതി പ്രാദേശിക തലത്തിൽ നടപ്പി ലാക്കി കർഷകരെ സംരക്ഷിക്കേണ്ടതാണ്.

## 6. വികസനവും, പരിശീലനവും വിജ്ഞാപനവും

കുടപ്പനകുന്ന്, ആലുവ, മുണ്ടയാട് എന്നീ സ്ഥലങ്ങളിൽ നടത്തപ്പെടുന്നതുപോലെ കർഷക പരിശീലനങ്ങൾ പ്രാദേശികതലത്തിൽ വ്യാപിപ്പി യ്ക്കേണ്ടതാകുന്നു.

## 7. ഇറച്ചിക്കോഴി വളർത്തൽ

ആവശ്യാനുസരണം കോഴികുഞ്ഞുങ്ങളെ യോ, അവയ്ക്കുള്ള തീറ്റയോ, പ്രതിരോധ ചികി ത്സാസൗകര്യമോ ഫലപ്രദമായി ലഭ്യമാക്കുന്നില്ല. താലൂക്കിൽ സഹകരണ സംഘം രൂപീകരിച്ചിട്ടു ണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ലാത്തതി നാൽ ഇടത്തട്ടുകാരുടെ ചൂഷണം തുടർന്നുകൊ ണ്ടിരിക്കുന്നു.

## 8. വീട്ടുവളപ്പിലെ കോഴികൾ

ജില്ലാധികൃതർ ചില സ്ഥലങ്ങളിൽ മാത്രം നടപ്പിലാക്കുന്ന പദ്ധതി പ്രാദേശികതലത്തിൽ കൂടി കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്. സൗജന്യനിരക്കിൽ മേൽത്തരം കോഴി കുഞ്ഞു ങ്ങളെ ആവശ്യാനുസരണം വിതരണം നടത്താൻ ശ്രമിക്കണം. സംഭരണവും വിതരണവും കുറ്റമറ്റതാ കാൻ പ്രത്യേകം ശ്രദ്ധിക്കണം.

## 9. താറാവ് വളർത്തൽ

ജലദൗർലഭ്യം നേരിടുന്ന ഈ പ്രദേശത്ത് വളരെകുറച്ചു മാത്രമേ താറാവു വളർത്തുന്നുള്ളൂ. ജല സൗകര്യമുള്ള ചില ഭാഗങ്ങളിലും വേണ്ടത്ര താറാവു കൃഷി ചെയ്യുന്നില്ല. മേൽത്തരം താറാവു കുഞ്ഞുങ്ങളുടെ ലഭ്യതകുറവും ജനങ്ങളുടെ അജ്ഞതയും ഇതിനുകാരണമാകുന്നു.

## പേവിഷബാധ
### പ്രതിരോധവും, ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം | – | – | – | 360 | – | – |
| കടിയേറ്റതിന് ശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം | 6 | 16 | 5 | – | – | |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ
### 01-04-95 to 24-10-96

| വളർത്തുമൃഗ ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ | |
|---|---|---|---|---|
| പശു | 1715 | 51 | 08 | പ്രതിമാസം |
| കിടാരി | 612 | 68 | 11 | |
| എരുമ | 3 | 3 | 2 | |

## രോഗവിവരങ്ങൾ

| ക്രമ നം | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 41 | 1 | 15 | – | – | – | – | – | – | – |
| 2. | ശ്വാസകോശ സംബന്ധം | 7 | – | 4 | – | – | – | – | – | – | – |
| 3. | ഉപാപചയ സംബന്ധം | 2 | – | – | – | – | – | – | – | – | – |
| 4. | ത്വക്ക് രോഗങ്ങൾ | 16 | – | 2 | – | – | – | – | – | – | – |
| 5. | ധാതുലവണങ്ങളുടെ അഭാവം | 6 | – | 4 | – | – | – | – | – | – | – |
| 6. | പരാദരോഗങ്ങൾ | 41 | – | 4 | – | 12 | 5 | – | – | – | – |
| 7. | പ്രത്യുല്പാദന വ്യവസ്ഥ യുമായി ബന്ധപ്പെട്ടവ | 11 | – | 2 | – | – | – | – | – | – | – |
| 8. | വന്ധ്യത | 4 | – | – | – | – | – | – | – | – | – |
| 9. | അകിടുവീക്കം | 6 | – | 2 | – | – | – | – | – | – | – |
| 10. | മുടന്തൻ പനി | 42 | – | – | – | – | – | – | – | – | – |
| 11. | പകർച്ചവ്യാധികൾ | – | – | – | – | – | – | – | – | – | – |

## വളർത്തു പക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | |
| 1 | 290 | 201 | 226 | 4 | 10 | 2 |
| 2 | 68 | 375 | 202 | 6 | 17 | – |
| 3 | 60 | 750 | 302 | 3 | 15 | 5 |
| 4 | 281 | 765 | 277 | 12 | 59 | – |
| 5 | 204 | 460 | 800 | 3 | 22 | 10 |
| 6 | 58 | 155 | 270 | 11 | 11 | – |
| 7 | 219 | 235 | 375 | – | – | – |
| 8 | 61 | 86 | 101 | 9 | 20 | – |
| 9 | 156 | 284 | 361 | 3 | 5 | – |
| 10 | 123 | 230 | 210 | 14 | 12 | – |
| 11 | 71 | 112 | 201 | – | – | – |

## വളർത്തു മൃഗസംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശുനാടൻ | | പശു സങ്കരം | | എരുമ | | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവയുള്ളത് | കറവ ഇല്ലാത്തത് | കറവയുള്ളത് | കറവ ഇല്ലാത്തത് | | | |
| 1 | - | - | - | - | - | - | 138 | 195 | - | - | 502 | 251 | - |
| 2 | - | 4 | - | - | - | - | 65 | 107 | 1 | 2 | 280 | 212 | 1 |
| 3 | - | - | - | - | 1 | 3 | 46 | 47 | - | - | 193 | 82 | - |
| 4 | - | - | - | - | - | - | 38 | 51 | - | - | 117 | 89 | - |
| 5 | - | - | - | - | - | - | 27 | 77 | - | - | 237 | 76 | - |
| 6 | - | - | - | - | - | - | 71 | 57 | - | - | 152 | 59 | - |
| 7 | - | - | - | 4 | - | - | 99 | 106 | - | - | 334 | 179 | - |
| 8 | - | - | - | - | - | - | 46 | 103 | - | - | 60 | 71 | - |
| 9 | - | - | - | - | - | - | 74 | 127 | - | - | 235 | 103 | - |
| 10 | - | - | - | - | - | - | 54 | 83 | - | - | 228 | 42 | - |
| 11 | - | - | - | 2 | - | - | 41 | 63 | - | - | 182 | 156 | - |

# മത്സ്യബന്ധനം

ഇടവാ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിര് അറബിക്കടലാണ്. സമൃദ്ധമായ ഒരു കടലോരമുള്ള ഇടവാ പഞ്ചായത്തിലെ മുഖ്യതൊഴിലുകളിലൊന്ന് മത്സ്യ ബന്ധനമാണ്. നല്ലൊരു കടൽത്തീരമുണ്ടായിട്ടും മത്സ്യസമ്പത്ത് പൂർണ്ണമായും ചൂഷണം ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇതിനു പ്രധാന കാരണം പരമ്പരാഗത രീതികൾ മാത്രം അവലംബിക്കുന്നതുകൊണ്ടാണ്. ഇപ്പോൾ ഈ മേഖലയിൽ ഏകദേശം ഏഴുമാസം മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ. ഏകദേശം 1500-ഓളം തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ സ്വകാര്യ വ്യക്തികളുടെ ചൂഷണം ഇപ്പോഴും നില നിൽക്കുന്നു.

പരമ്പരാഗത രീതിയിലുള്ള വള്ളം, കട്ടമരം, വല മുതലായ മത്സ്യബന്ധന ഉപകരണങ്ങൾ ശാസ്ത്രീയവും കാലാനുസരണവും ആയി പരിഷ്കരിച്ച് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്താൽ മത്സ്യസമ്പത്ത് ഒരു പരിധിവരെ ചൂഷണം ചെയ്യാൻ കഴിയും. മത്സ്യ വിതരണ രംഗത്ത് ഇടത്തട്ടുകാരെ ഒഴിവാക്കേണ്ടതാണ്.

ഇടവാ-നടയറക്കായലിൽ നടക്കുന്ന മത്സ്യബന്ധനവും കൂടുതൽ ശാസ്ത്രീയമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇടവാ നടയറക്കായലിൽ നിന്നും ശേഖരിക്കുന്ന കക്കയുടെ തോട് സംസ്കരിക്കുന്നതിനുള്ള യൂണിറ്റ് സഹകരണ മേഖലയിൽ സ്ഥാപിച്ചാൽ ഈ രംഗത്തെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാകും.

## വിപണനം, വിതരണം

ഇടത്തട്ടുകാരുടെ ചൂഷണം വിതരണ വിപണന രംഗങ്ങളിൽ തൊഴിലാളികളേയും ഉപഭോക്താക്കളേയും ഒരു പോലെ ബാധിക്കുന്നു. ഇവരുടെ ചൂഷണം പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. വിപണന വിതരണ രംഗങ്ങളിലെ ഗതാഗത സൗകര്യങ്ങൾ പ്രാദേശിക വിപണിയേയും ഉപഭോക്താക്കളേയും ബാധിക്കുന്നുണ്ട്.

സംസ്കരണം, സംഭരണം

ആധുനികരീതിയിലുള്ള സംഭരണ സംസ്കരണ ഉപാധികളില്ലാത്തതുകൊണ്ട് ശേഖരിച്ച മത്സ്യസമ്പത്തിന്റെ വൻതോതിലുള്ള നാശത്തിനു കാരണമാവുന്നുണ്ട്. ഇത് മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികനിലയെ സാരമായി ബാധിക്കുന്നുണ്ട്.

## ജീവിതനിലവാരം

മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ശോചനീയമാണ്. പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ മുഴുപട്ടിണിയിലും ദാരിദ്ര്യത്തിലുമാണ് കഴിയുന്നത്.

### നിർദ്ദേശങ്ങൾ

(1) കടലിലെ മത്സ്യസമ്പത്തിന്റെ പ്രജനനത്തിനും വളർച്ചയ്ക്കും ഹാനികരമാകാതെമത്സ്യബന്ധനം നടത്തുക. ആധുനിക രീതിയിലുള്ള മത്സ്യബന്ധനഉപകരണങ്ങൾ സാർവ്വത്രികമായി ലഭ്യമാക്കുക.

(2) നാടൻ വള്ളങ്ങളിൽ "യമഹ" ഘടിപ്പിക്കുക. വലകൾ കാലോചിതമായി പരിഷ്കരിക്കുക.

(3) മത്സ്യവിതരണ' രംഗങ്ങളിൽ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ സ്ഥാപിച്ച്, ഫലപ്രദമായി ഇടപെട്ട്ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുക. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളിൽ മത്സ്യത്തൊഴിലാളികളെ മാത്രം അംഗങ്ങളാക്കുക. സംഘം വഴി മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക. സംഭരണം വിതരണ വിപണന രംഗങ്ങളിൽ സംഘം ഫലപ്രദമായി ഇടപെടുക.

(4) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

(5) പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്ന

തോടൊപ്പം സാമ്പത്തിക സഹായവും നൽകുക.

(6) ട്രോളിംഗ് ഫലപ്രദമായും കർശനമായും നിയന്ത്രിക്കുക.

(7) മത്സ്യത്തൊഴിലാളി സംഘത്തിന്റെ ആഭിമുഖ്യത്തിൽ ശീതീകരണ ശാല, ഐസ് പ്ലാന്റ് മുതലായവ സ്ഥാപിക്കുക.

(8) ഇൻസാറ്റ് വഴി ശേഖരിക്കുന്ന മത്സ്യസമ്പത്തിന്റെ സ്ഥാനവും ദിശയും കൃത്യമായും യഥാസമയവും തൊഴിലാളികളെ അറിയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(9) ഇടവാനടയറക്കായലിൽ കാപ്പിൽ മുതൽ കുരിയിലിൽക്കടവു വരെയുള്ള പ്രദേശങ്ങളിൽ മത്സ്യകൃഷി നടത്താവുന്നതാണ്. അതിനുവേണ്ടുന്ന സാങ്കേതിക, സാമ്പത്തിക സഹായം ലഭ്യമാക്കുക. അതിനാവശ്യമായ ബോധവൽക്കരണം നടത്തുക. ശുദ്ധജലമത്സ്യകൃഷിയും വ്യാപകമായി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(10) വെറ്റക്കടയിൽ കൊച്ചുകായലിൽ ചെമ്മീൻ കൃഷി നടപ്പാക്കുക.

(11) ഇടവ നടയറക്കായലിൽ ഞണ്ടുകൃഷി, ചെമ്മീൻകൃഷി എന്നിവ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

(12) പൊയ്ക ഏലായിൽ ഓരുജല മത്സ്യകൃഷി നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക.




# വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു വിശദീകരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഒരു നാടിന്റെ സാമൂഹ്യവും സാസ്ക്കാരികവുമായ വളർച്ച ആ നാടിന്റെ വിദ്യാഭ്യാസപുരോഗതിയെ ആശ്രയിച്ചാണിരിക്കുന്നത്. ഉത്തമപൗരന്മാരെ വാർത്തെടുക്കുക എന്നുള്ളതാണ് വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. എന്നാൽ ഇന്നത്തെ വിദ്യാഭ്യസ സംബ്രദായം സമഗ്രപുരോഗതിയെ ലക്ഷ്യമാക്കിയുള്ളതാണോ എന്നു പരിശോധിക്കേണ്ടതാണ്. സമൂലമായ ഒരു മാറ്റം ഈ രംഗത്ത് വരുത്തേണ്ടിയിരിക്കുന്നു.

വിദ്യാലയങ്ങൾ പൂർണ്ണമായും അറിവുപകർന്നുകൊടുക്കുന്ന സ്ഥാപനങ്ങളായിരിക്കണം. ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽതന്നെ വിദ്യാഭ്യാസരംഗത്ത് വളർച്ച നേടാൻ കഴിഞ്ഞ പഞ്ചായത്തുകളിൽ ഒന്നാണ് ഇടവാ ഗ്രാമപഞ്ചായത്ത്. ഒരു നൂറ്റാണ്ടിനുമുൻപ് വർക്കല സ്വദേശി ശ്രീ. നീലകണ്ഠൻ ജ്യോത്സ്യന്റെ ചുമതലയിൽ ആരംഭിച്ച ഒരു കുടി പള്ളിക്കൂടമാണ് ഈ നാട്ടിലെ ആദ്യവിദ്യാഭ്യാസസ്ഥാപനം. ക്രമേണ ഇതൊരു സ്വകാര്യ സ്കൂളായി മാറി. ഈ സ്കൂൾ 1940 ന് ശേഷം ഗവൺമെന്റ് ഏറ്റെടുത്തു. അതാണ് ഇന്നത്തെ വെൺകുളം ഗവൺമെന്റ് എൽ.പി.സ്കൂൾ. ഇക്കാലത്ത് ശ്രീ. പത്മനാഭപിള്ളസാർ ലക്ഷ്മീവിലാസം ഇംഗ്ലീഷ് മിഡിൽ സ്കൂൾ വെൺകുളം തുലവിള പുരയിടത്തിൽ ആരംഭിച്ച് പ്രവർത്തനം തുടങ്ങി. 1922 ൽ ജനാബ് എം. ആർ. മുഹമ്മദ് കുഞ്ഞ്സ്രാങ്ക് ഇടവായിൽ ഒരു മുസ്ലിം പ്രൈമറി സ്കൂൾ സ്ഥാപിച്ചു. 1926 ൽ ഈ സ്കൂളിനോടു ചേർന്ന് ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂളും ആരംഭിച്ചു. 1929 ൽ ശ്രീ. പത്മനാഭപിള്ളസാർ നടത്തിവനിരുന്ന സ്കൂൾ ശ്രീ.എം. ആർ. മുഹമ്മദ് കുഞ്ഞ്സ്രാങ്ക് വിലയ്ക്കു വാങ്ങി. 1946 ൽ ഈ വിദ്യാഭ്യാസസ്ഥാപനം ഒരു ഹൈസ്ക്കൂളായി ഉയർത്തി. ഈയിടയ്ക്ക് വെൺകുളത്ത് ലക്ഷ്മീവിലാസം എന്ന പേരിൽ സ്ഥാപിച്ച പ്രൈമറി സ്കൂളാണ് ഇന്ന് എൽ.വി.യു.പി. സ്കൂളായി പ്രവർത്തിച്ചുവരുന്നത്. ഇടവായിൽ പ്രവർത്തിച്ചുവന്നിരുന്ന മുസ്ലിം പ്രൈമറിസ്കൂൾ ഗവൺമെന്റിനു വിട്ടുകൊടുത്തു. അതിപ്പോൾ ഗവൺമെന്റ് മുസ്ലിം അപ്പർ പ്രൈമറി സ്കൂളായി പ്രവർത്തിച്ചുവരുന്നു. 1921 ൽ കാപ്പിൽ ഒരു ഗവൺമെന്റ് എൽ.പി. സ്കൂൾ പ്രവർത്തനം തുടങ്ങുകയും നാട്ടുകാരുടെ ശ്രമഫലമായി പ്രസ്തുത സ്കൂൾ 1962 മുതൽ ഗവൺമെന്റ് ഹൈസ്ക്കൂളായി പ്രവർത്തിച്ചുവരുകയുമാണ്.

ഈ ഗ്രാമപഞ്ചായത്തിൽ രണ്ടു ഹൈസ്ക്കൂളുകളും രണ്ട് അപ്പർ പ്രൈമറി സ്കൂളുകളും ആറു ലോവർ പ്രൈമറി സ്കൂളുകളും ഇന്നു നിലവിലുണ്ട്. പ്രീ പ്രൈമറി വിദ്യാഭ്യാസം നാമമാത്രമായിട്ടേ ഈ പഞ്ചായത്തുലുള്ളൂ. കലാകായിക പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യം നൽകുന്നതായി കാണുന്നില്ല. ഇന്നു കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർത്തു പഠിപ്പിക്കുന്നത് ഒരു ഫാഷനായി മാറിയിട്ടുണ്ട്. മാതൃഭാഷയിൽ കൂടിയുള്ള വിദ്യാഭ്യാസത്തിന്റെ മഹത്വവും പ്രയോജനവും എന്തെന്നു വ്യക്തമായ ധാരണയില്ലാത്തതുകൊണ്ടാണ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളെ അയയ്ക്കാൻ രക്ഷകർത്താക്കൾ വെമ്പൽ കൊള്ളുന്നത്. പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ ഒരു ഹൈസ്കൂളും രണ്ട് ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്കൂളും പ്രവർത്തിക്കുണ്ട്. കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന കാര്യത്തിൽ പൊതുവെ വർദ്ധിച്ച താല്പര്യം ദൃശ്യമാകുന്നുണ്ട്. ഇതു നമ്മുടെ വിദ്യാഭ്യാസപുരോഗതിക്ക് ആക്കം കൂട്ടുമെന്ന് പ്രതീക്ഷിക്കാം.

### പ്രശ്നങ്ങൾ

1. യഥാസമയത്ത് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് നടപടിയുണ്ടാകണം.
2. ഗവ. സ്കൂളുകളിൽ അദ്ധ്യാപകരെ യഥാസമയം നിയമിക്കുക.
3. അദ്ധ്യാപക -രക്ഷകർതൃസമിതിയുടെ പ്രവർത്തനം ഫലപ്രദമാക്കുക.

4. ലബോറട്ടറി, ലൈബ്രറി, എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുക.

5. ഫർണിച്ചറുകൾ, പഠനോപകരണങ്ങൾ എന്നിവയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം.

6. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കാലോചിതമായിപരിഷ്കരിക്കുക.

7. വെങ്കുളം ഗവ. എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടിയെടുക്കുക.

8. ഹൈസ്കൂൾ ക്ലാസുകളിൽ കമ്പ്യൂട്ടർ പഠനത്തിനും മറ്റു സാങ്കേതിക പഠനത്തിനും നടപടിയെടുക്കുക.

9. ഉച്ചഭക്ഷണ വിതരണം ഫലപ്രദമാക്കാൻ വേണ്ട നടപടിയെടുക്കുക.

10. സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് നേതൃത്വത്തിലാക്കുക.

11. അംഗനവാടിക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുവാനും, പഠനോപകരണങ്ങൾ നൽകുവാനും നടപടിയുണ്ടാകണം.

12. കായികമേഖലകളിൽ സ്കൂളിൽ നിന്നും വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക.

13. സാക്ഷരതാപ്രവർത്തനം കാര്യക്ഷമമാക്കുക.

14. അദ്ധ്യാപനം രസകരമായി നടത്തുന്നതിന് അദ്ധ്യാപകരെ പരിശീലിപ്പിക്കുക.

## അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച്

| | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റു കാര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| സ്കൂളുകൾ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| HS 2 | 21 | 68 | 89 | 1167 | 1225 | 2392 | | | | കാപ്പിൽ വേണ്ടത്ര ഇല്ല |
| UPS 2 | 10 | 45 | 55 | 746 | 730 | 1476 | | | | MUPS ൽ വേണ്ടത്ര ഇല്ല |
| LPS 5 | 10 | 30 | 40 | 646 | 634 | 1280 | | | | |
| പ്രീ പ്രൈമറി | Nil | | | | Nil | | | | | |
| ആകെ | 41 | 143 | 184 | 2559 | 2589 | 5148 | | | | |

# വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ

| | സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ ഏതെന്ന് ബ്രാക്കറ്റിൽ | | | കോളേജുകൾ | | | പാരലൽ കോളേജുകൾ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | H.S.S /H. S | | | | | U.P.S | | | | | L.P.S | | | | | നഴ്സറി | | | | | | | | | | | | |
| വാർഡുകൾ | സർക്കാർ | എയിഡഡ് | അൺഎയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺഎയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺഎയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചായത്ത്വക | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്കൂൾ ക്ലാസുകൾ നടത്തുന്നവ | കോളേജ് ക്ലാസുകൾ മാത്രം നടത്തുന്നവ | സ്കൂൾ-കോളേജ് ക്ലാസുകൾ മാത്രം നടത്തുന്നവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| I | - | - | Nil | - | - | - | - | Nil | - | - | - | - | Nil | - | - | - | 1 | - | 1 | Nil | - | - | Nil | - | - | - | - | Nil |
| II | - | - | - | - | - | - | - | - | - | - | - | 1 | - | - | 1 | - | Nil | - | - | - | Nil | - | Nil | | | Nil | Nil | Nil |
| III | HS1 | | | | 1 | | | Nil | | | 1 | | | | 1 | | | Nil | 1 | | | | | | | | | |
| IV | | | | | | 1 | | | | 1 | | | | | | | | | | | | | | | | | | |
| V | | | | | | | | | | | | 1 | | | 1 | | | | 1 | | | | | | | | | |
| VI | | | | | | | | | | | | | | | | | | | | | | | | | | | | |
| VII | | | | | | | | | | | | | | | | | | 1 | 1 | | | | | | | | | |
| VIII | | | | | | | | | | | 1 | | | | 1 | | | 1 | 1 | | | | | | | | | |
| IX | | 1 | | | 1 | | | | | | | | | | | | | 1 | 1 | | | | | | | | | |
| X | | | | | | | | | | | | 1 | | | 1 | | | | | | | | | | | | | |
| XI | | | | | | 1 | 1 | | | 1 | | | | | | | | | | | | | | | | | | |
| ആകെ | 1 | 1 | | | 2 | 1 | 1 | 1 | | 2 | | | | | 5 | | | | 6 | | | | | | | | | |




# പൊതുജനാരോഗ്യവും കുടിവെള്ളവും

പൊതുജനാരോഗ്യരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. അർഹമായ അംഗീകാരം പ്രാരംഭകാലത്ത് ലഭിക്കാതെ പോയതാണ് ഇതിനുള്ള കാരണം. പഞ്ചായത്തിൽ സർക്കാർ സ്ഥാപിച്ച ആദ്യത്തെ പൊതുജനാരോഗ്യസ്ഥാപനം ഫിഷറീസ് ഡിസ്പെൻസറിയായിരുന്നു. 1972 ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം 1988 ൽ പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു.

ഉദാരമതിയായ പുതിയ വടക്കേവീട്ടിൽ ജനാബ് മുഹമ്മദ് അബ്ദുല്ലസ്രാങ്ക് സംഭാവനയായി നൽകിയ ഒരു ഏക്കർ സ്ഥലത്താണ് ഇപ്പോൾ ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നത്. ഇതിന് ഫിഷറീസ് വകുപ്പ് നിർമ്മിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ ഉണ്ട്. ആരോഗ്യ വകുപ്പിൽ നിന്നും 20 കിടക്കകളോടുകൂടിയ ആധുനിക സൗകര്യങ്ങളുള്ള വാർഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ആരോഗ്യരംഗത്ത് വളരെ മെച്ചപ്പെട്ട ഒരു പ്രവർത്തനം ഹെൽത്ത് സെന്ററിന് കൈവരിക്കാൻ കഴിയും.

ഇപ്പോൾ 50 ഓളം രോഗികൾ പ്രതിദിനം ഈ സ്ഥാപനത്തിൽ ചികിത്സയ്ക്കായി എത്തുന്നു. പുതിയ വാർഡിന്റെ പ്രവർത്തനം ആരംഭിച്ചാൽ കൂടുതൽ രോഗികൾക്കു ഈസ്ഥാപനത്തിന്റെ പ്രയോജനം ലഭ്യമാകും. ഈ ഹെൽത്ത് സെന്ററിന്റെ കീഴിൽ 4 ഫാമിലി വെൽഫെയർ സബ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇവയിൽ വെൺകുളം, കാപ്പിൽ എന്നിവ സർക്കാർ വക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. മാന്തറ സബ്സെന്റർ വാടകകെട്ടിടത്തിലും പാറയിൽ സെന്റർ പ്രാഥമികാരോഗ്യകേന്ദ്രത്തിനൊപ്പവും പ്രവർത്തിച്ചുവരുന്നു. ഫീൽഡ് വിഭാഗത്തിൽ ജോലിചെയ്യുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കും സർക്കാർ വക ആഫീസ് സൗകര്യം ലഭിച്ചിട്ടില്ല.

തീരപ്രദേശമായിട്ടുകൂടി മറ്റുതീരപ്രദേശപഞ്ചായത്തുകളിൽ കണ്ടുവരുന്ന കാലാവസ്ഥാമാറ്റം അനുസരിച്ചുണ്ടാകുന്ന രോഗങ്ങൾ വ്യാപകമായി ഇവിടെ കണ്ടുവരുന്നില്ല. ജനങ്ങൾ പൊതുവെ ആരോഗ്യപരിപാലനത്തിൽ ശ്രദ്ധാലുക്കളാണ്. പ്രത്യേകതരം സാംക്രമിക രോഗങ്ങളൊന്നും ഇവിടെ കണ്ടുവരുന്നില്ല.

### ആയുർവ്വേദം

1975 ൽ ആണ് പഞ്ചായത്തിൽ സർക്കാർ ആയുർവ്വേദ ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ കാപ്പിൽ ഭാഗത്ത് ഗവൺമെന്റു കെട്ടിടത്തിൽ പ്രവർത്തനം നടന്നുവരുന്നു. ഓരോ ദിവസവും 150 ഓളം രോഗികൾ ചികിത്സക്കായി എത്തുന്നു. പ്രതിദിനം 45 രോഗികൾക്ക് കൊടുക്കുവാനുള്ള ഔഷധങ്ങൾ മാത്രമെ അനുവദിക്കപ്പെട്ടിട്ടുള്ളൂ. രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ഈ സ്ഥാപനത്തിന് വികസനം ആവശ്യമാണ്. പഞ്ചായത്തിൽ സർക്കാർ ഉടമയിൽ ഹോമിയോ ആശുപത്രി ഇല്ല. ആരോഗ്യ സർവേ പ്രകാരം പഞ്ചായത്തിൽ 65% വീടുകളിലും (4237 എണ്ണം) സാനിട്ടറി സൗകര്യങ്ങളുണ്ട്. പഞ്ചായത്തിന്റെ ഒൻപതും പത്തും വാർഡുകളുടെ പടിഞ്ഞാറു ഭാഗത്തു അടിഞ്ഞുകൂടുന്ന ചപ്പുചവറുകളും മലിനജലവും കടലിലേയ്ക്ക് ഒഴുകി പോകുന്നില്ല. പതിനൊന്നാം വാർഡിലെ പബ്ലിക്ക് മാർക്കറ്റിലെ മലിനജലവും സമീപത്തുള്ള ഹോട്ടലുകളിലെ മലിനജലവും വെൺകുളം ഗവ. എൽ.പി.എസ് ന്റെ പരിസരം മലിനമാക്കുന്നു. ഇതിനു അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്.

പഞ്ചായത്തിൽ സ്വകാര്യവ്യക്തികൾ നടത്തുന്ന 10 ഓളം ആതുരാലയങ്ങളും ഉണ്ട്. (പട്ടിക).

## പ്രശ്നങ്ങൾ

1 യഥാസമയം കൃത്യമായും ശുദ്ധജലവിതരണ പമ്പിന്റെ അറ്റകുറ്റപണികൾ നടത്താനും വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും കഴിഞ്ഞിട്ടില്ല.

2 മുടങ്ങികിടക്കുന്ന അംബേദ്കർ കോളനിയിലെ ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

3 പൊട്ടിഒഴുകുന്ന പൈപ്പുകളുടെ അറ്റകുറ്റപണികൾ യാഥാസമയം ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല.

4 നശിച്ചുപോയ പൊതു ടാപ്പുകൾ യഥാസമയം സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല.

5 ഹൈസ്ക്കൂൾ ഹെൽത്ത് പ്രോഗ്രാം കാര്യക്ഷമമല്ല.

6 പണിപൂർത്തിയായി കിടക്കുന്ന 20 കിടക്കകളുള്ള വാർഡ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും ശുദ്ധജലവിതരണത്തിനും കഴിഞ്ഞിട്ടില്ല.

7 പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ സാമൂഹ്യവിരുദ്ധ ശല്യം പൂർണ്ണമായും നിയന്ത്രിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

8 പാരാമെഡിക്കൽ സ്റ്റാഫിന് കെട്ടിടങ്ങൾ നൽകാൻ കഴിഞ്ഞിട്ടില്ല.

9 ഗർഭിണികളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും പോഷകാഹാര കുറവ് പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല.

10 ആയുർവ്വേദ ഡിസ്പെൻസറിക്കു ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

## സ്വകാര്യസ്ഥാപനങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | | രോഗികളുടെ എണ്ണം (വർഷത്തിൽ) |
|---|---|---|---|---|
| | | ഡോക്ടർമാർ | മറ്റുജീവനക്കാർ | |
| 1 | ജനതാ ആശുപത്രി ഇടവ | 1 | 4 | 3600 |
| 2 | എസ്സ്.ബി. ഡിസ്പെൻസറി ഇടവ | 2 | 5 | 3600 |
| 3 | അൻസർ ആശുപത്രി വെൺകുളം | 1 | 5 | 10000 |
| 4 | എം.എസ്. ആയുർവ്വേദ ആശുപത്രി, വെൺകുളം | 1 | 2 | 3600 |
| 5 | ഇടവാ ആശുപത്രി ഇടവ | 1 | 1 | 3500 |
| 6 | എം.ആർ. മെമ്മോറിയൽ ആശുപത്രി, ഇടവ | 2 | 6 | 4500 |
| 7 | എസ്. കെ. എം. ആശുപത്രി, വെൺകുളം | 1 | - | 3000 |
| 8 | ഡോ. സുചിത്ര കണ്ണാശുപത്രി, വെൺകുളം | 1 | - | - |
| 10 | തോപ്പിൽ ഡെന്റൽ ക്ലിനിക്ക്, വെൺകുളം | 1 | 2 | |

## ആരോഗ്യസ്ഥിതി വിവരങ്ങൾ

| | | |
|---|---|---|
| 1 | ആകെ വീടുകളുടെ എണ്ണം | 6166 |
| 2 | കോൺക്രീറ്റ് | 2450 |
| 3 | ഓല | 1016 |
| 4 | കുടിൽ | 120 |
| 5 | കക്കൂസുകൾ, സെപ്റ്റിക് ടൈപ്പ് | 4112 |
| 6 | കക്കൂസുകൾ, ഇ.സ്.പി. | 110 |
| 7 | കക്കൂസുകൾ, മറ്റുള്ളവ | 15 |
| 8 | സാനിട്ടറി കിണർ | 4750 |
| 9 | സാധാരണ കിണർ | 215 |
| 10 | കുളം | 11 |
| 11 | നദി | ഇല്ല |
| 12 | പൈപ്പുകൾ | 955 |
| 13 | പൊതുവിതരണം | 50% |
| 14 | തൊഴുത്തുകൾ, വീടിനോട് ചേർന്ന് | 1884 |
| 15 | ,, പ്രത്യേകിച്ച് | 1010 |
| 16 | കംപോസ്റ്റ് കുഴി ഉള്ളത് | 30 |
| 17 | ,, ഇല്ലാത്തത് | 6136 |
| 18 | ജനസംഖ്യ പുരുഷന്മാർ | 8645 |
| 19 | ,, സ്ത്രീകൾ | 9809 |
| 20 | ,, കുട്ടികൾ | 9058 |
| 21 | അന്ധർ | 22 |
| 22 | ബധിരർ | 38 |
| 23 | മൂകർ | 43 |
| 24 | ബധിരമൂകർ | 46 |
| 25 | ചലനവൈകല്യം | 92 |
| 26 | മന്ദബുദ്ധികൾ, ആകെയെണ്ണം | 45 |
| 27 | 0–5 വർഷം | 5 |
| 28 | 6–10 വർഷം | 8 |
| 29 | 11–16 വർഷം | 16 |
| 30 | 16 വർഷത്തിനുമേൽ | 16 |
| 31 | ഒരു വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾ | 308 |
| 32 | പ്രതിരോധകുത്തിവയ്പ്പ് നടത്തിയത് | 302 |
| 33 | ആകെ ഗർഭിണികൾ | 290 |
| 34 | സ്ഥായിയായ രോഗങ്ങൾ, രക്തസമ്മർദ്ദം | 4430 |
| 35 | പ്രമേഹം | 3334 |
| 36 | ക്യാൻസർ | 64 |
| 37 | കുഷ്ഠം | 45 |
| 38 | ഹൃദ്രോഗം | 563 |
| 39 | ക്ഷയം | 134 |
| 40 | ജലജന്യരോഗങ്ങൾ | 1785 |
| 41 | വായൂജന്യരോഗങ്ങൾ | 1744 |
| 42 | പ്രാണിജന്യരോഗങ്ങൾ | 126 |
| 43 | മറ്റുള്ളവ | 26 |

## ദമ്പതിമാരുടെ എണ്ണം

| വയസ്സ് | എണ്ണം |
| --- | --- |
| 15 മുതൽ 19 വരെ | 78 |
| 20 മുതൽ 24 വരെ | 568 |
| 25 മുതൽ 29 വരെ | 810 |
| 30 മുതൽ 34 വരെ | 741 |
| 35 മുതൽ 39 വരെ | 493 |
| 40 മുതൽ 44 വരെ | 156 |

## അമ്മമാരുടെ എണ്ണം

(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ അടിസ്ഥാനത്തിൽ)

| | |
| --- | --- |
| കുട്ടിയുള്ള അമ്മമാർ | 660 |
| കുട്ടികൾ ഉള്ളവർ | 1152 |
| 2-ൽ കൂടുതൽ കുട്ടികൾ ഉള്ളവർ | 743 |

## കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ച അമ്മമാർ

(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ അടിസ്ഥാനത്തിൽ)

| | |
| --- | --- |
| ഒരു കുട്ടി ഉള്ളവർ | 14 |
| രണ്ടു കുട്ടികൾ ഉള്ളത് | 692 |
| രണ്ടിൽ കൂടുതൽ കുട്ടികൾ ഉള്ളവർ | 555 |

## പകർച്ചവ്യാധികൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായൂജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
| --- | --- | --- | --- | --- |
| 1993-94 | 664 | 652 | 60 | 15 |
| 1994-95 | 611 | 594 | 42 | 8 |
| 1995- 96 | 510 | 498 | 24 | 3 |

# ആരോഗ്യസ്ഥിതി വിവരങ്ങൾ

| | | |
|---|---|---|
| 1 | ആകെ വീടുകളുടെ എണ്ണം | 6166 |
| 2 | കോൺക്രീറ്റ് | 2450 |
| 3 | ഓല | 1016 |
| 4 | കുടിൽ | 120 |
| 5 | കക്കൂസുകൾ, സെപ്റ്റിക് ടൈപ്പ് | 4112 |
| 6 | കക്കൂസുകൾ, ഇ.സ്.പി. | 110 |
| 7 | കക്കൂസുകൾ, മറ്റുള്ളവ | 15 |
| 8 | സാനിട്ടറി കിണർ | 4750 |
| 9 | സാധാരണ കിണർ | 215 |
| 10 | കുളം | 11 |
| 11 | നദി | ഇല്ല |
| 12 | പൈപ്പുകൾ | 955 |
| 13 | പൊതുവിതരണം | 50% |
| 14 | തൊഴുത്തുകൾ, വീടിനോട് ചേർന്ന് | 1884 |
| 15 | ,, പ്രത്യേകിച്ച് | 1010 |
| 16 | കംപോസ്റ്റ് കുഴി ഉള്ളത് | 30 |
| 17 | ,, ഇല്ലാത്തത് | 6136 |
| 18 | ജനസംഖ്യ പുരുഷന്മാർ | 8645 |
| 19 | ,, സ്ത്രീകൾ | 9809 |
| 20 | ,, കുട്ടികൾ | 9058 |
| 21 | അന്ധർ | 22 |
| 22 | ബധിരർ | 38 |
| 23 | മൂകർ | 43 |
| 24 | ബധിരമൂകർ | 46 |
| 25 | ചലനവൈകല്യം | 92 |
| 26 | മന്ദബുദ്ധികൾ, ആകെയെണ്ണം | 45 |
| 27 | 0–5 വർഷം | 5 |
| 28 | 6–10 വർഷം | 8 |
| 29 | 11–16 വർഷം | 16 |
| 30 | 16 വർഷത്തിനുമേൽ | 16 |
| 31 | ഒരു വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾ | 308 |
| 32 | പ്രതിരോധകുത്തിവയ്പ്പ് നടത്തിയത് | 302 |
| 33 | ആകെ ഗർഭിണികൾ | 290 |
| 34 | സ്ഥായിയായ രോഗങ്ങൾ, രക്തസമ്മർദ്ദം | 4430 |
| 35 | പ്രമേഹം | 3334 |
| 36 | ക്യാൻസർ | 64 |
| 37 | കുഷ്ഠം | 45 |
| 38 | ഹൃദ്രോഗം | 563 |
| 39 | ക്ഷയം | 134 |
| 40 | ജലജന്യരോഗങ്ങൾ | 1785 |
| 41 | വായുജന്യരോഗങ്ങൾ | 1744 |
| 42 | പ്രാണിജന്യരോഗങ്ങൾ | 126 |
| 43 | മറ്റുള്ളവ | 26 |

പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തു അറബിക്കടൽ സ്ഥിതി ചെയ്യുന്നു. ധാരാളമാളുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം കൊണ്ട് ഉപജീവനം നടത്തിവരുന്നുണ്ട്. അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ഉണ്ടാകേണ്ടിയിരിക്കുന്നു. മത്സ്യം സംസ്കരിക്കാനുള്ള സൗകര്യം കുറവാണ്.

കെട്ടിടനിർമ്മാണ തൊഴിലാളികളും പഞ്ചായത്തിലുണ്ട്. 340 മരപ്പണി തൊഴിലാളികളും, 245 കൽപ്പണി തൊഴിലാളികളും, 45 ലോഹപ്പണി തൊഴിലാളികളും, 25 സ്വർണ്ണപ്പണി തൊഴിലാളികളും, പപ്പട നിർമ്മാണ തൊഴിലാളി കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്. സോപ്പു നിർമ്മിക്കുന്ന രണ്ടു യൂണിറ്റുകളും ഇഷ്ടിക നിർമ്മാണം നടത്തുന്ന മൂന്ന് യൂണിറ്റുകളും പ്രവർത്തിക്കുന്നു. ഏകദേശം അറുപതോളം തൊഴിലാളികൾ പണിയെടുക്കുന്നു. മൂന്ന് ഇഷ്ടിക നിർമ്മാണ യൂണിറ്റുകളും സ്വകാര്യ വ്യക്തികൾ നടത്തുന്നതാണ്. പഞ്ചായത്തിൽ സിമന്റു കൊണ്ടുള്ള ഇഷ്ടിക (തമൂക്കു) നിർമ്മിക്കുന്ന ഒരു സ്ഥാപനം കൂടിയുണ്ട്. മറ്റൊന്ന് ആരംഭ ദിശയിലാണ്. ഫർണിച്ചർ മാർട്ടുകൾ ഏഴെണ്ണമുണ്ട്. ഇവയിൽ രണ്ടെണ്ണം മുൻനിരയിലാണ്. ഉല്പന്നങ്ങൾ അന്യസ്ഥലങ്ങളിൽ കയറ്റി അയക്കുന്നു. മത്സ്യകൃഷിക്കു വളരെ സൗകര്യമുള്ള ഒരു പഞ്ചായത്താണിത്. കാപ്പിൽ മുതൽ കുരിയിൽ കടവു വരെയുള്ള കായൽ തീരത്ത് ആദായകരമായി മത്സ്യകൃഷി ചെയ്യാവുന്നതാണ്. പഞ്ചായത്തിലെ പ്രധാന കയർ ഉല്പാദന മേഖലകൾ എന്നറിയപ്പെടുന്നത് കാപ്പിൽ, പാറയിൽ മേഖലകളാണ്. ഇവയിൽ കാപ്പിൽ പ്രവർത്തിച്ചിരുന്ന സഹകരണ സംഘം പൂർണ്ണമായും പ്രവർത്തനരഹിതമായിരിക്കുകയാണ്. പഞ്ചായത്തിൽ വനങ്ങളില്ലാത്തതിനാൽ വനവിഭവങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ഒന്നും തന്നെയില്ല.

### നിർദ്ദേശങ്ങൾ

ഇടവാ ആർട്ടിസാൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കണം.

മത്സ്യതൊഴിലാളി സഹകരണസംഘങ്ങൾ രൂപീകരിക്കുക. സംഘം മുഖാന്തിരം, വള്ളം, വല, മറ്റു മത്സ്യബന്ധന ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ തൊഴിലാളികൾക്കു നൽകുക. മത്സ്യബന്ധനം കാലോചിതവും, ശാസ്ത്രീയവുമായി പരിഷ്കരിച്ച് തൊഴിലാളികളെ ബോധവൽകരിക്കുക, ആഴക്കടൽ മത്സ്യബന്ധനം പൂർണ്ണമായും തടയുക. നാടൻ വള്ളങ്ങൾ ആധുനികരിച്ചു നൽകുക. ഐസ്പ്ലാന്റു സ്ഥാപിച്ച് മത്സ്യ സംസ്ക്കരണം ഉറപ്പു വരുത്തുക.

കയർ തൊഴിലാളികൾക്കു പൂർണ്ണമായ സംരക്ഷണം നൽകാൻ വേണ്ട നടപടി സ്വീകരിക്കുക.

ഗ്രൂപ്പു ഇൻഷ്വറൻസ്, വാർദ്ധക്യകാലപെൻഷൻ തുടങ്ങിയ ക്ഷേമപരിപാടികൾ നടപ്പാക്കുക. കാപ്പിൽ പ്രവർത്തനരഹിതമായി കിടക്കുന്ന സഹകരണസംഘം എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കുക. കയർ തൊഴിലാളികൾക്കു തൊഴിൽ അവസരം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുക, കൊപ്രാ സംഭരണം ഇപ്പോൾ സ്വകാര്യവ്യക്തികൾ നടത്തിവരുന്നു. സഹകരണ സംഘം വഴി കൊപ്ര, സംഭരിച്ചു വിതരണം നടത്തുക. സഹകരണമേഖലയിൽ ഒരു എണ്ണയാട്ടുമിൽ സ്ഥാപിക്കുക, വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക, സംഘങ്ങൾ മുഖാന്തിരം, സോപ്പു നിർമ്മാണം, മെഴുകുതിരി, തീപ്പെട്ടി, തുള്ളി നീലം, ഡിറ്റർജന്റ് ഇവ നിർമ്മിച്ച് ഗ്രാമസഭകളുടെ മേൽനോട്ടത്തിൽ വിപണനം ചെയ്യേണ്ടതാണ്. സഹകരണാടിസ്ഥാനത്തിൽ റെഡിമെയിഡു വസ്ത്രങ്ങൾ നിർമ്മിച്ചു വിതരണം ചെയ്യേണ്ടതാണ്. പ്ലാസ്റ്റിക് വയർ ഉപയോഗിച്ച് സാധനങ്ങൾ നിർമ്മിച്ചു വിപണനം ചെയ്യാനുള്ള സാഹചര്യം ഉണ്ടാകേണ്ടതാണ്. കാപ്പിൽ തീരദേശ ടൂറിസവികസനം ത്വരിതപ്പെടുത്തുക. അവിടെ പ്രകൃതി വിഭവങ്ങൾ പൂർണ്ണമായി ചൂഷണം ചെയ്ത് ടൂറിസവുമായി ഏകോപിപ്പിക്കുക, ഇടവാ നടയറ കായലിൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുക. കാപ്പിൽ ടൂറിസ്റ്റു കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുവേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുക. കൈത്തറി നെയ്ത്തു യൂണിറ്റുകൾ സ്ഥാപിക്കുക. അസംഘടിത തൊഴിലാളികളെ സംഹകരണമേഖലയിൽ കൊണ്ടു വരിക.

ഭാരതത്തിലെ ആദ്യത്തെ പ്രൈവറ്റ് "എയർലൈൻസ്" ആയ "ഈസ്റ്റ് വെസ്റ്റ് എയർലൈൻസ്" ആരംഭിച്ചത് ഇടവ ഓടയം സ്വദേശികളായ ഷിഹാബ്, നാസർ, തക്കിയുദ്ദീൻ സഹോദരൻമാരാണ്.

## പട്ടിക
## ചെറുകിട സംരംഭങ്ങൾ

| നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | ആകെ | യൂണിറ്റ് |
|---|---|---|---|---|---|
| | | പുരു | / സ്ത്രീ | | |
| 1. | ഈർച്ചമിൽ (സാമിൽ) | 12 | | 312 | 3 |
| 2. | കോഴിവളർത്തൽ | 10 | 5 | 15 | 5 |
| 3. | ഫ്ലവർമിൽ | 12 | 6 | 18 | 6 |
| 4. | സോഫാഅപ്പോൾസറി | 4 | – | 4 | 1 |
| 5. | ഫർണിച്ചർമാർട്ട് | 70 | – | | 7 |
| 6. | ഇൻഡസ്ട്രീയൽ വർക്ക് | 30 | | | 6 |
| 7. | റെഡിമെയിഡ് | 5 | 20 | 25 | |
| 8. | ഇഷ്ടിക നിർമ്മാണം | 30 | 15 | 45 | 3 |
| 9. | ബോൾട്ടു നിർമ്മാണം | 7 | | 7 | 1 |
| 10. | റിപ്പയർ ഷാപ്പുകൾ | 20 | | 5 | |
| 11. | ഇലക്ട്രോണിക്സ് | 5 | | | |
| 12. | സോപ്പു നിർമ്മാണ ശാല | 5 | 3 | 8 | 2 |
| 13. | റൈസ്മിൽ | 30 | | 30 | 15 |
| 14. | ചകിരി – കയർ | 22 | 11 | 33 | 11 |
| 15. | ഓയിൽ മിൽ | 5 | | 5 | 1 |
| 16. | എണ്ണയാട്ടുമിൽ | 18 | | 18 | 9 |
| 17. | സ്ക്രൂ ഫാക്ടറി | 7 | | 7 | |



# ഗതാഗതം

ഈ ഗ്രാമപഞ്ചായത്തിൽ സാമാന്യം നല്ല രീതിയിൽ ഗതാഗത സൗകര്യം നിലവിലുണ്ട്. റോഡുകളുടെ ആകെ നീളം 140 കി.മീ. ആണ്. ഇതിൽ 12 കി. മി. പി.ഡബ്ല്യു.ഡി. റോഡുകളാണ്. 27.5 കി. മി. കച്ചയും 10.5 കി.മി. ടാറും 26 കി.മീ. മെറ്റലും 64 കി.മി. പഞ്ചായത്തുറോഡുകളും ആകുന്നു. നാഷണൽ ഹൈവേ ഈ പഞ്ചായത്തിൽ കൂടി കടന്നു പോകുന്നില്ല. പഞ്ചായത്തിന്റെ തെക്കുവടക്കായി 5 കി. മി. നീളത്തിൽ റയിൽ പാതയുണ്ട്. ഇടവ, കാപ്പിൽ എന്നീ സ്ഥലങ്ങളിൽ രണ്ടു റെയിൽവേ സ്റ്റേഷനുകളും സ്ഥിതി ചെയ്യുന്നു. PWD റോഡുകൾ ഓടകൾ ഇല്ലാത്തതിനാൽ ഗതാഗത തടസ്സം അനുഭവപ്പെടുന്നു. പഞ്ചായത്തുറോഡുകളിൽ പലതും മെച്ചപ്പെട്ടവയല്ല.

പാറയിൽ ഭാഗത്ത് III, VI വാർഡുകളിൽ നാലുമുക്കിൽ നിന്നും ഹെൽത്ത് സെന്റർ വഴി പോകുന്ന രണ്ടു ലിങ്കുറോഡുകൾ ഉണ്ടെങ്കിലും റയിൽവേ ലവൽ ക്രോസുകൾ ഇല്ലാത്തതിനാൽ വാഹനഗതാഗതം സാദ്ധ്യമല്ല. ഈ സ്ഥലങ്ങളിൽ പോകുന്നതിന് ഉദ്ദേശം 7 കി.മി. ദൂരത്തിൽ ചുറ്റിസഞ്ചരിക്കേണ്ടിവരുന്നു. ഇതിനു റയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് ലവൽ ക്രാസ് അനുവദിപ്പിക്കാവുന്നതാണ്.

കാപ്പിൽ നെല്ലേറ്റിൽ കടത്തിൽ പാലം നിർമ്മിച്ച് ഇടവാ- ഇലകമൺ പഞ്ചായത്തുകളെ തമ്മിൽ യോജിപ്പിക്കേണ്ടതാണ്. ഈ ഭാഗത്തു പാലം നിർമ്മിച്ചാൽ തീരദേശവും ഉൾനാടും തമ്മിൽ യോജിപ്പിക്കാൻ കഴിയും. ഇന്നുള്ള ദൂരം വളരെ കുറയുന്നതായിരിക്കും.

കുരിയിൽ കടവിൽ റ്റി. എസ്. കനാലിൽ മേപ്പാലം നിർമ്മിക്കണം. കർഷകർക്ക് ഈ പാലം കൂടുതൽ പ്രയോജനപ്രദമാണ്. ഒൻപതാം വാർഡിൽ പുന്നകുളം റോഡിന്റെ സൈഡ്‌വാൾ കെട്ടി റോഡ് സുരക്ഷിതമാക്കുക.

റോഡുകളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പട്ടിക 1, പട്ടിക 2 ഇവ നോക്കുക.

## റയിൽവേ

രണ്ടുറയിൽവേ സ്റ്റേഷനുകളുള്ള അപൂർവ്വം പഞ്ചായത്തുകളിൽ ഒന്നാണ് ഇടവാ പഞ്ചായത്ത്. എങ്കിലും ഇവിടത്തെ നിവാസികൾക്ക് റെയിൽവേ ഗതാഗതം ഇന്നും ദുരിതപൂർണ്ണമാണ്. പണ്ട് സ്റ്റോപ്പ് ഉണ്ടായിരുന്ന പല എസ്ക്പ്രസ് ട്രയിനുകളുടേയും സ്റ്റോപ്പ് നിർത്തലാക്കിയിരിക്കുകയാണ്. റയിൽവേ സ്റ്റേഷനുകളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒന്നും ഇല്ല. എല്ലാ അടിസ്ഥാനസൗകര്യങ്ങളും എത്രയും പെട്ടന്ന് ഏർപ്പെടുത്തണം. മലബാർ എക്സ്പ്രസ്സ്, കണ്ണൂർ എക്സ്പ്രസ്സ്, ഐലന്റ് എക്സ്പ്രസ്സ്, ജയന്തി ജനത എക്സ്പ്രസ്സ് എന്നീ ട്രയിനുകൾ ഈ സ്റ്റേഷനുകളിൽ നിറുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

### ജലഗതാഗതം

ഊർജ്ജ പ്രതിസന്ധി വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ജലഗതാഗതത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. പുരാതന കാലത്തെ പ്രധാന ജലപാതകളായ റ്റി. എസ്. കനാൽ ഇപ്പോൾ ഗതാഗതയോഗ്യമല്ല. ചരിത്രപ്രാധാന്യമുള്ള വർക്കലത്തുരപ്പുകൾ അറ്റകുറ്റപണികൾ നടത്തി സഞ്ചാരയോഗ്യമാക്കി ജലഗതാഗതം പുനഃരാരംഭിക്കുക.

### ആവശ്യങ്ങൾ

**വാർഡ് I**

ശ്രീനാരായണനഗർ മുതൽ റെയിൽവെ മേപ്പാലം വക റോഡ് നിർമ്മിക്കുക. കാപ്പിൽ പാലത്തിനുസമീപം ഒരു കടവ് സ്ഥാപിക്കുക. നല്ലേറ്റിലേക്ക് ബോട്ട് സർവ്വീസ് തുടങ്ങുക. കാപ്പിൽ ജംഗ്ഷനിലെ വെയിറ്റിംഗ് ഷെഡ് പുതുക്കി പണിയുക. പതിനെട്ടാം പടിയിൽ വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക.

**വാർഡ് II**

കരിമ്പുറം L.P.S. ൽ നിന്നു കുരുവിൽ കടവിലേക്കു (ഒലിപ്പുവിള വഴി) ള്ള റോഡ് ടാർ ചെയ്യുക. കുരുവിൽ കടവ് റോഡിന്റെ സൈഡ്‌വാൾ കെട്ടുക.

**വാർഡ് III**

**വാർഡ് IV**

**വാർഡ് V**

**വാർഡ് VI**

പാറവിള മുതൽ ലക്ഷം വീടു വഴി മൂടില്ലാവിളയിൽ എത്തുന്ന റോഡിൽ ഗതാഗതതടസ്സം സൃഷ്ടിക്കുന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക. മൂടില്ലാവിള-പാറയിൽ വരെ , നാലുമുക്കിൽ നിന്നു പാറയിൽ വരെ ഓടകൾ നിർമ്മിക്കുക.

**വാർഡ് VII**

കണ്ണാം പറമ്പിൽ നിന്നും കുറ്റിഞ്ഞാറനിന്നതു വരെ പുതിയറോഡ് നിർമ്മിക്കുക. മുളനിന്നതിൽ നിന്നു വെൺകുളം വയൽ വരെയുള്ള റോഡ് വീതി കൂട്ടുക. ഓടകൾ ഇല്ലാത്ത റോഡുകളിൽ ഓട നിർമ്മിക്കുക. അംബേദ്ക്കർ റോഡിൽ 100 മീറ്റർ സ്ഥലത്ത് (നെടിയശാല-മാടൻവിള) സൈഡ് വാൾ നിർമ്മിക്കുക. വെൺകുളം പാറയിൽ വാട്ടർടാങ്ക് റോഡിൽ സൈഡ് വാൾ കെട്ടുക. മുക്കാലയ്ക്കൽ കാട്ടുവിള റോഡിൽ ചപ്പാത്തു നിർമ്മിക്കുക. വെള്ളംകിടന്നപാറ-ഇലങ്കത്തറ റോഡു വീതി കൂട്ടുക. ഇലങ്കത്തറ-പുറ്റിൽ ക്ഷേത്രം റോഡ് വികസിപ്പിക്കുക. ശാസ്താംവിള-പാറയിൽ റോഡിന്റെ അറ്റകുറ്റപണികൾ തീർക്കുക.

**വാർഡ് VIII**

ചെമ്പകത്തിൻ മുക്കിൽ നിന്നും കിഴക്കോട്ടു ഓടയം ജംഗ്ഷനിൽ ചപ്പാത്തു നിർമ്മിക്കുക. മരക്കടമുക്ക് കലുങ്ക് വരെ ഓട കെട്ടുക. കലുങ്കിൽ സൈഡ് വാൾ കെട്ടുക. വെൺകുളം ബസ്സ്റ്റാന്റ് മുതൽ ഇടയാടിവരെ ഓട കെട്ടി സ്ലാബ് ഇടുക. റെയിൽവെ ഗേറ്റിനുസമീപത്തു ഓട കെട്ടുക.

**വാർഡ് IX**

റെയിൽവേസ്റ്റേഷന് തെക്കുവശത്ത് രണ്ട് റെയിൽവേ ഗേറ്റുകളും ഒഴിവാക്കി ഹൈസ്ക്കൂൾ റോഡിനേയും, റ്റി. എ. മജീദ് റോഡിനേയും ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.

**വാർഡ് X**

കോട്ടയിൽപാണി-ചരുവിള കുഴയ്ക്കാട്ടുറോഡിൽ സൈഡ് വാൾ കെട്ടുക. പറമ്പിൽ ക്ഷേത്രം-കൊച്ചുതുണ്ടം മുല്ലവിളാകം റോഡുമായി ബന്ധിപ്പിക്കുക. മുണ്ടൽവീടുമുക്ക്-ഓടയം ഏലറോഡ് സഞ്ചാരയോഗ്യമാക്കുക. ഭജനമഠം-പുന്നകുളം ഏലാ റോഡ് സഞ്ചാരയോഗ്യമാക്കുക.

**വാർഡ് XI**

മഞ്ചക്കുന്ന് ചൂളറോഡ് വീതികൂട്ടി ടാർ ചെയ്യുക. മാർക്കറ്റുറോഡിന്റെ വടക്കുഭഗത്തുള്ള ഓട കെട്ടുക. വർക്കല-കാപ്പിൽ റോഡിൽ(റ്റി.എ. മജീദ് റോഡ്) L.V.U.P.S വരെ ടാർചെയ്ത റോഡിൻെറ ബാക്കിഭാഗം ടാർ ചെയ്യുക.

മരക്കടമുക്ക്-ചൂളറോഡ് നിലവിലുള്ള വഴി വീതികൂട്ടി ആവശ്യമുള്ള കലുങ്കുകൾ നിർമ്മിച്ച് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക. മരക്കട ജംഗ്ഷനിൽ നിന്നും മേൽക്കുളം വയൽ വഴി സ്റ്റേഡിയം റോഡിൽ ബന്ധിപ്പിക്കുന്ന വഴി വീതി കൂട്ടി സഞ്ചാരയോഗ്യമാക്കണം.

# ടാർചെയ്യേണ്ട മെറ്റൽ റോഡുകൾ

| വാർഡ് | കോഡ് | റോഡിന്റെ പേര് | ദൂരം കി. മി. | വീതി മീ. | പാലം കലുങ്ക് (അത്യാവശ്യം) |
|---|---|---|---|---|---|
| I | | SNDP മുക്കിൽ നിന്നും മേൽക്കുന്നു വഴി ക്ഷേത്രം വരെ | | | |
| II | | വെൺകുളം-ചീനാക്കാവ് റോഡ് | 1 | 8 മീറ്റർ | |
| | | വെൺകുളം-അറപ്പുര-പുറ്റിൽ ക്ഷേത്രം | 1½ | 8 മീറ്റർ | |
| | | കരിപ്പുറം (LPS)-കുരുവിക്കടവ് | 1½ | 8 മീറ്റർ | |
| III | | പാറയിൽ നാലുമുക്ക്-മുളക്കടവ് | | | |
| | | നാലുമുക്ക്-പാറയിൽ ജംഗ്ഷൻ | | | |
| | | ചരുവിളമുക്ക്-റെയിൽവേ ലൈൻ | | | |
| | | ഹൈസ്ക്കൂൾ മുക്ക്-കണ്ണംമൂടുവരെ | 3½ | 8 മീറ്റർ | |
| | | പാറപ്പുറം-പാറയിൽ,കൊച്ചാരമുക്ക്, | | | |
| | | കളരുക്ഷേത്രം-ആലുംമൂട് | | | |
| | | കണ്ണുംമൂട് റെയിൽവേലൈൻ | | | |
| IV | | PN മുക്ക്-തെക്കുഭാഗം മുക്ക് | | | |
| | | മാങ്കൂട്ടം-വൈദ്യൻമുക്ക് | | | |
| | | വെറ്റിക്കട-ചിന്നാംകുളം വഴി | | | |
| | | കാഞ്ചിയൻവിളാകം | | | |
| V | | മുട്ടിയാൻവിള-മാന്തറലക്ഷംവീട് റോഡ് ബാക്കി | | | |
| | | പ്രസ്സ്മുക്ക്-കരിയ്ക്കകം-തുണ്ടത്തുവിള | | | |
| VI | | മൂടില്ലാവിള-പാറയിൽ | | | |
| | | നാലുമുക്ക്-പാറയിൽ | | | |
| | | ഡീസെന്റുമുക്ക്-പുത്തൻവിള | | | |
| | | ആഴാന്തവിള-കരിയ്ക്കകം | | | |
| VII | | കൈതറമുക്ക്-ഇടയിൽവീട് | ¼ | 8 മീറ്റർ | |
| | | മുക്കാലയ്ക്കൽ-മുള്ളിയ്ക്കൻകാട് വഴി കാട്ടുവിള | ¼ | 8 മീറ്റർ | |
| | | കുറ്റിപേഴ്-കുരുവിക്കടവ് | ¼ | 8 മീറ്റർ | |
| | | കൈതറമുക്ക്-മങ്ങാട്ടുക്ഷേത്രം | ¼ | | |
| | | കുരുവിള-ലക്ഷംവീട് കോളനിവഴികുരുവിക്കടവ് | ½ | 8 മീറ്റർ | |
| | | കുരുവിക്കാവ് വേടൻകുന്ന് വെള്ളം കിടന്ന പാറ | 1 | 8 മീറ്റർ | |
| IX | | മാന്തറ-ലക്ഷംവീട്-റെയിൽവേസ്റ്റേഷൻ | 1 | 8മീറ്റർ | |
| | | തെക്കെവിള-ചീറയിൽമൂന്നുമുക്ക് | ½ | 8 മീറ്റർ | |
| | | മാന്തറകരയോഗം-പുന്നവിളം ഏറ | 1 | 8 മീറ്റർ | |
| | | മസ്കിൻ തെരുവ്-കുഴിക്കാട്ടു | 1 | 8 മീറ്റർ | |
| X | | ഓടയം മുക്ക്-കടയിൽവീടുമുക്ക് | | | |
| | | കായിൽവീട്-ഓടയംബീച്ച് | | | |
| | | ഓടയംബീച്ച്-പള്ളിറോഡ് | | | |
| | | പറമ്പിൽക്ഷേത്രം-ഓടയംമസ്കിൻതെരുവ് | | | |
| | | ഓടയംLPS റോഡ്-റെയിൽവേലൈൻ | | | |
| | | ഓടയംട്രാൻസ്ഫാർമർമുക്ക് | | | |
| | | പാണി-പറമ്പിൽക്ഷേത്രം-കോട്ട | | | |
| | | കോട്ടയിൽ പാണ്-ചാരുവിളകുഴയ്ക്കാട് | | | |
| | | പറമ്പിൽക്ഷേത്രം | | | |
| | | കൊച്ചുകല്ലുവിള, ഓടയം ബീച്ച് | | | |
| | | കടയിൽ വീടുമുക്ക്, തെക്കേവിള | | | |
| XI | | ചെമ്പകത്തിൻമൂട്-കരുനിലക്കോട് | 1 | 8 മീറ്റർ | |
| | | മാർക്കറ്റ് റോഡ്-പൊടിയൻമുക്ക് | 200 മീ. | 8 മീറ്റർ | |
| | | സ്റ്റേഡിയം റോഡ് | 200 മീ. | 8 മീറ്റർ | |
| | | ചെമ്പകത്തിൻ മൂട്-മേൽക്കുളം വയൽ | ¼ | 8 മീറ്റർ | |

# മൺറോഡുകൾ

| വാർഡ് | കോഡ് | റോഡിന്റെ പേര് | നീളം | വീതി | മൺപണി | സോളിംഗ് | മെറ്റലിംഗ് | പാലം | കലുങ്ക് |
|---|---|---|---|---|---|---|---|---|---|
| I | | പതിനെട്ടാംപടി-കണ്ണൻമൂട്-നേല്ലേറ്റിൽ റോഡ്<br>പതിനെട്ടാംപടി-കണ്ണൻമൂട്-റെയിൽവേലൈനിൽ<br>അണ്ടർപ്പാവത്തു നിർമ്മിച്ചു നെല്ലേറ്റികടവ്റോഡിൽ<br>റേഷൻകട ജംഗ്ഷൻ-റെയിൽവേ ലൈൻ<br>കൈരളി ജംഗ്ഷൻ-തടിഡിപ്പോ<br>നെല്ലേറ്റ് റോഡ് കടവ് വരെ.<br>കാപ്പിൽറെയിൽവേ സ്റ്റേഷനു കിഴക്കു<br>ഭാഗത്തുള്ള ഇടവഴികൾ<br>വീതി കൂട്ടി തമ്മിൽ യോജിപ്പിച്ച് ഹൈസ്ക്കൂൾ<br>റോഡുമായി ബന്ധിപ്പിക്കുക. | | | | | | | |
| II | | കൈതറ ജംഗ്ഷൻ- ഊരക്കുളം,<br>കിണറ്റിൻകരവിളക്ഷേത്രം റോഡ്,<br>മൂടില്ലാവിള-പുറ്റിൽ ക്ഷേത്രം<br>പുത്തൻവിള വെൺകുളത്തുവയൽ-മുളനിന്നതിൽ<br>റോഡ് | 2<br>250മീ. | | | | | | |
| III | | Nil | | | | | | | |
| IV | | കളരിക്ഷേത്രത്തിനു താഴെ-വടക്കുഭാഗംവരെ<br>തെരുവ് മുക്ക്-ആയാൽവിളാകം വരെ<br>തെരുവ്മുക്ക്-തെക്കെഭാഗം വരെ<br>തിനവിളമുക്ക്-ചിന്നാംകുളംവഴി ആയാൻവിളാകം<br>ലബ്ബ തെക്ക്-വയലഴികം<br>വെറ്റക്കട-കുഴിമുക്ക് വെറ്റക്കട-മലപ്പുറം കോളനി,<br>കുഞ്ചിയൽവിളാകം, ചായക്കാരഴികം-വെറ്റക്കട,<br>കൊച്ചുപള്ളി-കടപ്പുറം<br>ശ്രീ ഐറ്റ്-പള്ളി | | | | | | | |
| V | | തെക്കേഭാഗം- ശ്രീഎയ്റ്റ്-ഓടകെട്ടി ഗതാഗത<br>യോഗ്യമാക്കുക<br>മന്നവനഴികം റോഡ് | | | | | | | |
| VI | | പാറയിൽ കല്ലുവിള-പണ്ടാരവിള-കാട്ടുവിള റോഡ്<br>പാറയിൽ കല്ലുവിള-പാണ്ടിവിള-P.H സെന്റർ | | | | | | | |
| VII | | ഇടവാ-അയിരൂർ റോഡിൽ വാട്ടർ സപ്ലൈ കുളത്തി<br>ലേക്ക് പോകുന്ന റോഡിന് സൈഡ്വാൾ കെട്ടുക | | | | | | | |
| VIII | | Nil | | | | | | | |
| IX | | Nil | | | | | | | |
| X | | പുത്തൻ വിള-റെയിൽവേലൈൻ റോഡ്<br>കുഴയ്ക്കാട്ടുമുക്ക്, ഓടയം ഏലാ റോഡ് | | | | | | | |
| XI | | കട്ടച്ചാലയിൽ നിന്നും വടക്കുഭാഗം വഴി പുതുതായി<br>നിർമ്മിച്ച സ്റ്റേഡിയം റോഡിൽ ബന്ധിക്കുന്ന റോഡ് | 465മീ. | 10 | | | | | |



# ഊർജ്ജം

ഇടവാഗ്രാമപഞ്ചായത്തിൽ 40 വർഷങ്ങൾക്കു മുൻപാണ് വൈദ്യുതി ലഭിച്ചുതുടങ്ങിയത്. പഞ്ചായത്തിലെ പതിനൊന്നു വാർഡുകളിലും പൊതുവെ വൈദ്യുതി എത്തിയിട്ടുണ്ട്. എന്നാൽ ചില പ്രത്യേക മേഖലകളിൽ ഇനിയും വൈദ്യുതി ലഭിക്കാനുണ്ട്. ഉപഭോക്താക്കളിൽ ഗാർഹികാവശ്യങ്ങൾക്കാണ് കൂടുതൽ വൈദ്യുതി കിട്ടിയിട്ടുള്ളത്. വ്യാവസായികാവശ്യങ്ങൾക്ക് വളരെക്കുറച്ചുമാത്രമെ നൽകിയിട്ടുള്ളു. ഉപഭോക്താക്കൾ ഗാർഹികം 3650, വ്യാപാരം 510, വ്യവസായം 50, കാർഷികം 110 എന്നീ ക്രമത്തിലാണ്. ഇതിനുപുറമെ 6.11.1996 വരെ 110 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാത്തതായുണ്ട്. പഞ്ചായത്തിലെ ഹരിജൻ കോളനികളെയെല്ലാംതന്നെ വൈദ്യുതി സൗകര്യം ലഭിച്ചവയാണ്.

വോൾട്ടേജ്ക്ഷാമം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും അനുഭവപ്പെടുന്നുണ്ട്.ആയവ പരിഹരിക്കുന്നതിന് പുതുതായി ലൈൻ വലിച്ച 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 704 ബൾബുകൾ, 93 റ്റ്യൂബുകൾ, 11 MV ലാംബ് എന്നീരീതിയിൽ 808 തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയത്തിലേയ്ക്ക് പ്രതിമാസം 12,151 രൂപാ വൈദ്യുതി ചർജ്ജിനത്തിൽ പഞ്ചായത്ത് നൽകുന്നുണ്ട്.

## പരിഹാരമർഗ്ഗം

1. വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനു

ഗവർമ്മെന്റിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ള അഞ്ച് പദ്ധതികൾ അടിയന്തിരമായി നടപ്പിൽ വരുത്തുക.

2. ഗവർമ്മെന്റിന്റെ അനുവാദത്തിനായി സമർപ്പിച്ചിട്ടുള്ള വൈദ്യുതി പദ്ധതികൾക്ക് എത്രയും പെട്ടെന്നു അനുമതിതേടുക.

3. വാർഡുകളിലെ പ്രധാനകവലകളിൽ S V ലാമ്പ് സ്ഥാപിക്കുക.

4. ആരാധനാലയങ്ങളുടെ ഭാഗത്ത് റ്റ്യൂബുലൈറ്റുകൾ സ്ഥാപിക്കുക.

5. തെരുവുവിളക്കുകൾ തീരെ ഇല്ലാത്തഭാഗങ്ങളിൽ വിളക്കുകൾ സ്ഥാപിക്കുക.

6. സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഗാർഹിക ആവശ്യത്തിനും തെരുവുവിളക്കുകൾ കത്തിക്കുന്നതിനും സംവിധാനം ഉണ്ടാക്കുക.

7. കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമോ എന്നു പരിശോധിക്കുക.

8. ബയോഗ്യാസ് നിർമ്മാണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുക.

## വൈദ്യുതി- പുതുതായി ചെയ്യേണ്ട പദ്ധതികൾ

| നമ്പർ | പണിസംബന്ധിച്ച പൊതുവിവരണം | എസ്റ്റിമേറ്റ്തുക |
|---|---|---|
| 1. | പുതുതായി 1 കി. മീ. 11 കെ. വി. ലൈൻ വലിച്ച് ഒരു 100 KVA ട്രാൻസ്ഫോർമർ സ്ഥാപിച്ച് അംബേദ്ക്കർ ഗ്രാമത്തിലെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുക. (അനുവാദംകിട്ടിയത്) | 2,78,600/- |
| 2. | പുതുതായി 700 മീറ്റർ 11 കെ. വി. ലൈൻ വലിച്ച് ഒരു 100 KVA ട്രാൻസ്ഫോർമർ സ്ഥാപിച്ച് കരിനിലക്കോട്ടു ഭാഗത്തെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുക.(അനുവാദംകിട്ടിയത്) | 2,45,440/- |
| 3. | പുതുതായി 350 മീറ്റർ 11 കെ. വി. ലൈൻ വലിച്ച് ഒരു 100 KVA ട്രാൻസ്ഫോർമർ സ്ഥാപിച്ച് പറമ്പിൽ ക്ഷേത്രത്തിനു സമീപം വോൾട്ടേജ് വർദ്ധിപ്പിക്കുക. (അനുവാദംകിട്ടിയത്) | 1,84,655 /- |
| 4. | വെറ്റക്കടമുതൽ വൈദ്യന്റെമുക്കുവരെ 350 മീറ്റർ ദൂരം സിംഗിൾഫേസ്ലൈൻ ത്രീ ഫേസാക്കി വോൾട്ടേജ് വർദ്ധിപ്പിക്കുക. (അനുവാദംകിട്ടിയത്) | 14,471 /- |
| 5. | ചിറയിൽഭാഗത്ത് ട്രാൻസ്ഫോർമറിൽനിന്നും പുതിയലൈൻ നിർമ്മിച്ച് ചിറയിൽഭാഗത്തെ വോൾട്ടേജ് വർദ്ധിപ്പിക്കുക. (അനുവാദംകിട്ടിയത്) | 24,773 |
| 6. | പുതുതായി 700 മീറ്റർ 11 കെ. വി. ലൈൻവലിച്ച് ഒരു 100 KVA ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഇടവ ഹൈസ്കൂൾ ജംഗ്ഷൻ പരിസരത്ത് വോൾട്ടേജ് വർദ്ധിപ്പിക്കുക. | 2,05,440 /- |
| 7. | പുതുതായി 750 മീറ്റർ 11 കെ. വി. ലൈൻവലിച്ച് ഒരു 100 KV ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യന്റെ മുക്കിലും പരിസരത്തും വോൾട്ടേജ് വർദ്ധിപ്പിക്കുക. | 2,14,000 /- |
| 8. | പുതുതായി ലൈൻവലിച്ച് ഒരു 100 KV ട്രാൻസ്ഫോർമർ സ്ഥാപിച്ച് തെരുവ് മുക്കിലും പരിസരത്തും വോൾട്ടേജ് വർദ്ധിപ്പിക്കുക. | 2,14,000 /- |
| 9. | പുതുതായി 800 മീറ്റർ ലൈൻവലിച്ച് ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് അരത്തന്റെ വിളയിലുംപരിസരത്തും വോൾട്ടേജ് വർദ്ധിപ്പിക്കുക. | 2,22,000 /- |



# പാർപ്പിടവും സാമൂഹ്യക്ഷേമവും

മാനവജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങളിൽ ഒന്നാണല്ലോ പാർപ്പിടം. മനുഷ്യർ ഒരിടത്തു സ്ഥിരതാമസം ആരംഭിച്ചതോടുകൂടി പാർപ്പിട നിർമ്മാണവും ആരംഭിച്ചു. കാട്ടുകമ്പുകളും മറ്റും ഉപയോഗിച്ച് പ്രാചീനകാലങ്ങളിൽ നിർമ്മിച്ചു പോന്ന പാർപ്പിടങ്ങൾക്ക് ഇന്ന് പ്രകടമായ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്. മൺചുമരുകളും ഓല മേഞ്ഞ മേൽക്കൂരകളുമുള്ള ഭവനങ്ങളാണ് ഒരു നൂറ്റാണ്ടിമുൻപ് ഇടവ പഞ്ചായത്തിൽ കൂടുതലായും നിർമ്മിച്ചിരുന്നത്. പിന്നീട് മേൽക്കൂര ഓടായിമാറി. എന്നാൽ ഇന്ന് പാശ്ചാത്യമാതൃകയിലുള്ളതും അത്യാധുനികവുമായ കോൺക്രീറ്റ് ഭവനങ്ങൾ നിർമമ്മിക്കുന്നതിലാണ് വർദ്ധിച്ച താൽപര്യം കാണുന്നത്. നിർമ്മാണത്തിലിരിക്കുന്നവയിൽ കൂടുതലും കോൺക്രീറ്റ് ഭവനങ്ങളാണ്. ഭവനനിർമ്മാണത്തിൽ ഇത്തരം ഒരു മാറ്റം ദൃശ്യമാണെങ്കിലും പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 10 % ത്തോളം ഇന്നും കുടിലുകളിൽ കഴിയുന്നവരോ ഭവനരഹിതരോ ആകുന്നു എന്ന ദുഃഖസത്യം നിലനിൽക്കുന്നു. ആധുനികഭവനങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ചെലവാകുന്ന ലക്ഷങ്ങളിൽ ഒരു ചെറിയ പങ്ക് സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്കു വിനിയോഗിച്ചിരുന്നു എങ്കിൽ പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിക്കും തൊഴിലില്ലായ്മ കുറയ്ക്കുന്നതിനും തദ്വാര ജീവിതാഭിവൃദ്ധിക്കും വഴിതെഴിയുമായിരുന്നു. എന്നാൽ അത്തരത്തിലുള്ള ഒരു നീക്കവും നടന്നുകാണുന്നില്ല. ലക്കും ലഗാനുമില്ലാതെ ഭവനനിർമ്മാണമത്സരം,കൃഷിഭൂമിയുടെ കുറവിനും, കാർഷികപുരോഗതിയുടെ തകർച്ചക്കും വഴിയൊരുക്കുന്നു. ഈ ഭവനനിർമ്മാണ സമ്പ്രദായത്തിന് നിയമപരമായി തന്നെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിലെ വീടുകളെ സംബന്ധിച്ച വിശദവിവരങ്ങൾ പട്ടികയായി കൊടുത്തിട്ടുണ്ട്.

### പ്രശ്നങ്ങൾ

1 ഭവനവനഹിതരായ കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

2. ഭവനനിർമ്മാണ വായ്പകൾ കിട്ടുന്നതിന് വലിയ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. വായ്പ ലഭിക്കാനുള്ള നടപടികൾ ലഘൂകരിക്കണം.

3. ലക്ഷംവീടു പദ്ധതിയുടെ പ്രവർത്തനം പുനഃരാരംഭിക്കണം.

4. ഭവനനിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.

5. ഭവനരഹിതർക്ക് സർക്കാർ നൽകുന്ന ഭൂമിയുടെ കൈമാറ്റം നിയമംമൂലം നിരോധിക്കുക.

6. പഞ്ചായത്തിൽ സഹകരണമേഖലയിൽ ഹൗസിംഗ് സൊസൈറ്റി സ്ഥാപിക്കുക.

7. ഹൗസിംഗ് ബോർഡ്, ഹഡ്കോ എന്നിവയിൽ നിന്നും നൽകുന്ന കടവായ്പയുടെ പലിശനിരക്കു കുറയ്ക്കുകയും സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യുക.

8. ചെലവ് കുറഞ്ഞ വീട് നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കുക.

9. ഭവനനിർമ്മാണത്തിനാവശ്യമുള്ള സിമന്റ്, കമ്പി മുതലായവ സിവിൽ സപ്ലൈസ് മുഖേന വിതരണം ചെയ്യുക.

10. രാജീവ് ദശലക്ഷം പദ്ധതി, പ്രകൃതിക്ഷോഭ പുനരധിവാസപദ്ധതി എന്നിവപ്രകാരം നൽകുന്ന തുക വർദ്ധിപ്പിക്കുക.

## സാമൂഹ്യക്ഷേമം

സമൂഹത്തിന്റെ സർവ്വതോന്മുഖമായ വികസനമാണ് സാമൂഹ്യക്ഷേമം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലാതെ ഏതെങ്കിലും പ്രത്യേക ജനവിഭാഗത്തിന് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം നേടുക എന്നുള്ളതല്ല. അത്തര

ത്തിൽ ഒരു തെറ്റായ ധാരണ ചിലരെങ്കിലും വെച്ചു പുലർത്തുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ മൊത്തം ക്ഷേമം മുൻനിറുത്തി മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാൽ സാമൂഹ്യക്ഷമം എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയൂ. അതിനുവേണ്ടിയുള്ള ബോധവൽക്കരണപരിപാടിക്ക് തുടക്കം കുറിക്കേണ്ടതാണ്.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ, വിവിധയിനം പെൻഷൻ പദ്ധതികൾ, വികലാംഗരുടെ ഉന്നമനം, വനിതാക്ഷേമ പ്രവർത്തനങ്ങൾ മുതലായവയും സാമൂഹ്യക്ഷേമപ്രവർത്തനത്തിൽ ഉൾപ്പെടുന്നു. ഇടവാഗ്രാമ പഞ്ചായത്തിൽ വനിതാക്ഷേമ പദ്ധതികളും മത്സ്യത്തൊഴിലാളി, കർഷകത്തൊഴിലാളി, കെട്ടിട നിർമ്മാണ തൊഴിലാളി എന്നിവർക്ക് വേണ്ടിയുള്ള പെൻഷൻ പദ്ധതികളും ഫലപ്രദമായി നടപ്പിൽ വന്നിട്ടില്ല. മറ്റ് അർഹരായവർക്കും ക്ഷേമപദ്ധതികളുടെ പ്രയോജനം ലഭിക്കുന്നില്ല.

## അംഗനവാടി

ഇടവാഗ്രാമപഞ്ചായത്തിൽ പതിനൊന്നു വാർഡുകളിലായി 15 അംഗനവാടികൾ പ്രവർത്തിക്കുന്നു. കുട്ടികളുടെ ബാഹുല്യം പല അംഗനവാടികളെയും അലട്ടുന്ന പ്രശ്നമാണ്. എല്ലാ അംഗനവാടികളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വേണ്ടത്ര സ്ഥലസൗകര്യമോ കുട്ടികൾക്കു വേണ്ടുന്ന മതിയായ കളിപ്പാട്ടങ്ങളോ പലതിലുമില്ല. അംഗനവാടികളിലെ ജീവനക്കാർക്ക് മതിയായ വേതനവും ലഭിക്കുന്നില്ല. ആകെയുള്ള 15 അംഗനവാടികളിലായി 450 കുട്ടികളാണ് ഉള്ളത്.

## പ്രശ്നങ്ങൾ

1 അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല.

2. കളിപ്പാട്ടങ്ങളും മറ്റും വാങ്ങുന്നതിന് തുക വർദ്ധിപ്പിക്കുക.

3. പോഷകാഹാരത്തിനു മതിയായ സംഖ്യ അനുവദിക്കുക.

4. താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

5. അംഗനവാടി ജീവനക്കാരുട സേവന-വേതന വ്യവസ്ഥകൾ ഉയർത്തുക.

## വിധവാപെൻഷൻ

പഞ്ചായത്തിൽ 61 വിധവകൾക്കുമാത്രമെ പെൻഷൻ ലഭിക്കുന്നുള്ളു. അർഹരായ കൂടുതൽ പേർ അപേക്ഷ നൽകിയിരിക്കുന്നു. അവർക്ക് എത്രയും പെട്ടന്ന് പെൻഷൻ ലഭിക്കാനുള്ള നടപടിയുണ്ടാകണം.

## വാർദ്ധക്യകാല പെൻഷൻ

പഞ്ചായത്തിൽ 33 പേർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നു. വാർദ്ധക്യ കാലപെൻഷനു അർഹരായവർക്കെല്ലാം നൽകുന്നതിനുള്ള നടപടിയുണ്ടാകണം. പ്രസവസംരക്ഷണം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് നൽകുന്ന വിവാഹാനുകൂല്യം, കുടുംബക്ഷേമസഹായം എന്നിവയും അർഹരായവർക്കെല്ലാം ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഇവരുടെയെല്ലാം പെൻഷൻ കാലാനുസൃതമായി വർദ്ധിപ്പിക്കണം.

## ഭവനനിർമ്മാണം

**[അനുബന്ധം II (1)]**

| | I. R. D. P. | I | II | III | IV | V | VI | VII | VIII | IX | X | XI |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | I.R.D.P. സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | 149 | 237 | 103 | 43 | 50 | 96 | 122 | 33 | 203 | 97 | 147 |
| 2. | ഇതിൽ S.C/S.T | 8 | 74 | 5 | 3 | 2 | 9 | 33 | 1 | 26 | 11 | 14 |
| 3. | നാളിതുവരെ സാമ്പത്തികസഹായം ലഭിച്ചവരുടെ എണ്ണം | 53 | 67 | 32 | 24 | 21 | 27 | 43 | 25 | 37 | 21 | 39 |
| 4. | ഇതിൽ S.C./S.T | 6 | 38 | 4 | 2 | 1 | 4 | 23 | 1 | 17 | 7 | 11 |
| 5. | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖ കടന്ന കുടുംബങ്ങൾ | 37 | 42 | 20 | 16 | 14 | 17 | 28 | 19 | 23 | 15 | 21 |
| 6. | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ(സഹായംലഭിച്ചവരുൾപ്പെടെ) | 112 | 195 | 83 | 27 | 36 | 79 | 94 | 14 | 180 | 82 | 126 |

## അനുബന്ധം II (2)

**Trysem**

| 1. | വാർഡുകൾ | I | II | III | IV | V | VI | VII | VIII | IX | X | XI |
|---|---|---|---|---|---|---|---|---|---|---|---|---|
| 2. | പരിശീലന വിഷയത്തിന്റെ പേര് * | | | | | | | | | | | |
| 3. | പരിശീലനം ലഭിച്ചവരുടെ എണ്ണം | 11 | 16 | 12 | 3 | 3 | 3 | 8 | 4 | 5 | 3 | 6 |
| 4. | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | 7 | 9 | 5 | 1 | – | 1 | 4 | 1 | 2 | 2 | 3 |
| 5. | ഇതരതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | 4 | 7 | 5 | 1 | 2 | 2 | 3 | 2 | 3 | 1 | 2 |
| 6. | അവശേഷിക്കുന്നവർ | – | – | 2 | 1 | 1 | – | 1 | 1 | – | – | 1 |

| | |
|---|---|
| * Ward I | Plastic Works, Hand loom -weaving, Electroplating |
| Ward II | Handloom weaving, Book Binding, Electrical Maintenance of Home appliances |
| Ward III | Cane works, Plumbing, Mechanism of Coir Ratt |
| Ward IV | Cane works, Barber, Upholestory works |
| Ward V | Plumbing |
| Ward VI | Cane works |
| Ward VII | Mechanism of Electrical and Home Appliances |
| Ward VIII | Book Binding |
| Ward IX | Plumbing, Cane works |
| Ward X | Plastic Works |
| Ward XI | Book Binding |

**സാമൂഹ്യ വനവൽക്കരണ പരിപാടിയിലൂടെ ഉൽപ്പാദിപ്പിച്ച തൈകളുടെ വിവരം**

| വർഷം | ഉല്പാദനം | വിതരണം |
|---|---|---|
| 91-92 | 50,000 | 50,000 |
| 92-93 | Nil | Nil |
| 93-94 | Nil | Nil |
| 94-95 | Nil | Nil |
| 95-96 | Nil | Nil |

## അനുബന്ധം II (4)
## DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭകരുടെ വിവരങ്ങൾ

| വാർഡുകൾ | I | II | III | IV | V | VI | VII | VIII | IX | X | XI |
|---|---|---|---|---|---|---|---|---|---|---|---|
| തൊഴിൽ സംരംഭത്തിന്റെ ഇനം | - | Metal Works | Coir Ratt | - | - | - | - | - | - | - | - |
| ആരംഭിച്ചവർഷം | - | 92-93 | 94-95 | - | - | - | - | - | - | - | - |
| പ്രവർത്തന അംഗങ്ങളുടെ എണ്ണം | - | 10 | 10 | - | - | - | - | - | - | - | - |
| പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് | പ്രവർത്തനം നടക്കുന്നുണ്ട് | | | | | - | - | - | - | - | - |

II,III വാർഡുകളിൽമാത്രമേ DWCRA യൂണിറ്റുള്ളൂ

II Metal Works, III Coir Ratt

വാർഡ് II വെൺകുളം, ഇടവ

വാർഡ് III വടക്കേവിള

## അനുബന്ധം II (5)
## ഭവനനിർമ്മാണം

| വാർഡുകൾ | I | II | III | IV | V | VI | VII | VIII | IX | X | XI |
|---|---|---|---|---|---|---|---|---|---|---|---|
| വീട് ആവശ്യമുള്ളകുടുംബങ്ങളുടെ എണ്ണം | 67 | 150 | 30 | 32 | 28 | 25 | 54 | 10 | 68 | 39 | 77 |
| വിവിധപരിപാടികളുമായി അനുവദിച്ച വീടുകൾ | 7 | 67 | 7 | 8 | 6 | 5 | 15 | - | 13 | 5 | 23 |
| പൂർത്തിയാക്കിയ വീടുകൾ | 7 | 65 | 7 | 8 | 5 | 5 | 15 | - | 13 | 5 | 19 |
| അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ | - | 2 | - | - | 1 | - | - | - | - | - | 4 |
| ഇനിയും ആരംഭിക്കേണ്ട വീടുകളുടെ എണ്ണം | 60 | 83 | 23 | 24 | 22 | 20 | 39 | 10 | 55 | 54 | 54 |

## അനുബന്ധം II (6)
## കക്കൂസുകൾ

| വാർഡുകൾ | I | II | III | IV | V | VI | VII | VIII | IX | X | XI |
|---|---|---|---|---|---|---|---|---|---|---|---|
| സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (1992 ന് ശേഷം) | 58 | 140 | 47 | 25 | 18 | 36 | 63 | 17 | 97 | 40 | 67 |
| വിവിധ പരിപാടികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകൾ | 7 | 97 | 23 | 5 | 6 | 7 | 17 | 4 | 17 | 7 | 31 |
| പൂർത്തീകരിച്ചവരുടെ എണ്ണം | 7 | 68 | 15 | 2 | 3 | 3 | 13 | 4 | 17 | 7 | 23 |
| ഇനി കക്കൂസുകൾ വേണ്ടകുടുംബങ്ങളുടെ എണ്ണം | 51 | 43 | 24 | 20 | 12 | 29 | 46 | 13 | 80 | 33 | 36 |



# സംസ്കാരം

ഇടവാ പഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രം പരിഗണിക്കുമ്പോൾ എന്തുകൊണ്ടും പ്രഥമപരിഗണന അർഹിക്കുന്ന മഹനീയ സ്ഥാപനങ്ങളാണ് ശ്രീവിവേകാനന്ദ വിലാസം ഗ്രന്ഥശാലയും എം.ആർ. മെമ്മോറിയൽ ഗ്രന്ഥശാലയും കാപ്പിൽ പബ്ലിക് ലൈബ്രറിയും. 1942 ൽ സ്ഥാപിച്ച ശ്രീവിവേകാനന്ദ വിലാസം ഗ്രന്ഥശാല നമ്മുടെ സംസ്ഥാനത്തെ തന്നെ ഏറ്റവും പ്രാചീനമായ ഗ്രാമീണ ലൈബ്രറികളിൽ ഒന്നാണ്. കേരളഗ്രന്ഥശാലാസംഘത്തിന്റെ രൂപീകരണത്തിനു മുമ്പായിരുന്നു ഇതിന്റെ സ്ഥാപനം എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ഈ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന എട്ട് വായനശാലകളിൽ ആറെണ്ണത്തിലും ഗ്രന്ഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഇടവാ കാപ്പിൽ പ്രദേശത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിൽ പ്രമുഖസ്ഥാനമാണ് കാപ്പിൽ പബ്ലിക് ലൈബ്രറിക്കുള്ളത്. ഇതുപോലെ പഴക്കം കൊണ്ടും പ്രാധാന്യം കൊണ്ടും ശ്രദ്ധേയങ്ങളാണ് M.R. മെമ്മോറിയൽ പബ്ലിക് ലൈബ്രറി ഇടവ, ദേശസേവിനി ഗ്രന്ഥശാല (പാറയിൽ), ജനതാ ആർട്ട്സ് ലൈബ്രറി (ജനതാ മുക്ക്)

പഞ്ചായത്ത് ഗ്രൗണ്ടിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് പബ്ലിക് ലൈബ്രറി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. മറ്റ് ഗ്രന്ഥശാലകൾ കാപ്പിൽ പബ്ലിക് ലൈബ്രറി (ഒന്നാം വാർഡിൽ, കാപ്പിൽ) ദേശസേവിനി ഗ്രന്ഥശാല (മൂന്നാം വാർഡിൽ) എം.ആർ മെമ്മോറിയൽ ഗ്രന്ഥശാല (അഞ്ചാം വാർഡിൽ) ശ്രീ വിവേകാനന്ദ വിലാസം ഗ്രന്ഥശാല (ഏഴാം വാർഡിൽ) ജനതാ സ്പോർട്ടിംഗ് ആന്റ് ആർട്ട്സ് ക്ലബ്ബ് (എട്ടാം വാർഡിൽ ) എന്നിവയാണ്. കൂടാതെ മാന്തറ സ്പോർട്ടിംഗ് സ്റ്റാർ വായനശാലയും ഓടയം വായനശാലയും പ്രവർത്തിക്കുന്നുണ്ട്.

പ്രാദേശികമായി ലഭിക്കുന്ന സംഭാവനയും മാസവരിയും ഉപയോഗിച്ചാണ് എല്ലാ ഗ്രന്ഥശാലകളും പ്രവർത്തിക്കുന്നത്. ഗ്രന്ഥശാല സംഘത്തിൽ നിന്നും പുസ്തകങ്ങൾ വാങ്ങാൻ ഗ്രാന്റ് മിക്ക ഗ്രന്ഥശാലകൾക്കും ലഭിക്കുന്നുണ്ട്.

ദിനപത്രങ്ങൾ, മാസികകൾ എന്നിവ എല്ലാ ഗ്രന്ഥശാലകളിലും വരുത്തുന്നുണ്ട്. മിക്കവാറും ഗ്രന്ഥശാലകൾക്ക് റേഡിയോ, T.V എന്നിവയും ഉണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് എല്ലാ ഗ്രന്ഥശാലകളുടേയും പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

ഇതിനുപുറമെ ഏകദേശം ഇരുപതോളം ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. കലാകായികരംഗത്ത് ഇവ നൽകുന്ന സംഭാവനകൾ എടുത്തു പറയാവുന്നതാണ്. കബഡി, ഫുട്ബാൾ, ക്രിക്കറ്റ്, ഷട്ടിൽ, ബാഡ്മിന്റൻ, വോളീബാൾ എന്നിവയിൽ പല സ്പോർട്ട്സ് ക്ലബ്ബുകളും പരിശീലനം നൽകുന്നുണ്ട്. നാടകാഭിനയം, ഡാൻസ്, മോഹിനിയാട്ടം, കുച്ചുപ്പുടി, മയൂര നൃത്തം, ചെണ്ടമേളം എന്നിവയിൽ പരിശീലനം നൽകുന്ന ആർട്ട്സ് ക്ലബ്ബുകൾ ഉണ്ട്. മിക്കവാറും എല്ലാ ക്ലബ്ബുകളും വിവിധ കലാകായിക പരിപാടികളോടു കൂടി വാർഷികാഘോഷങ്ങൾ നടത്തുന്നുണ്ട്.

## സാക്ഷരതായജ്ഞം

നമ്മുടെ പഞ്ചായത്തിൽ സമീപ കാലത്തുണ്ടായ പ്രധാന സാംസ്കാരിക പ്രവർതത്തനങ്ങളിൽ സാക്ഷരതാ പ്രവർത്തനം മുന്നിട്ടു നിൽക്കുന്നു. പൂർണ്ണമായും വിജയകരമായിരുന്നില്ലെങ്കിലും എല്ലാ വിഭാഗം ജനങ്ങളിലും ചലനങ്ങൾ സൃഷ്ടിക്കാൻ സാക്ഷരതാ പ്രവർത്തനത്തിനു കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്ത് തനതായ വ്യക്തി മുദ്ര പതിപ്പിക്കുവാൻ ശാസ്ത്ര സാഹിത്യ പരിക്ഷത്ത് തുടങ്ങിയ സംഘടനകൾക്കും കഴിഞ്ഞിട്ടുണ്ട്.

## പുതിയ പ്രവണതകൾ

ടെലിവിഷൻ, കേബിൾ ടി.വി, വീഡിയോ എന്നിവയുടെ അതിപ്രസരം ജനങ്ങളുടെ വായനാശീലത്തേയും സാംസ്കാരിക പ്രവർത്തനങ്ങളേയും ഒരളവോളം മന്ദീഭവിപ്പിച്ചിട്ടുണ്ട്.

## ആരാധനാലയങ്ങൾ

പഞ്ചായത്തിൽ ഏകദേശം മുപ്പത്തിയാറോളം ഹിന്ദു ദേവാലയങ്ങൾ ഉണ്ട്. ഇതിൽ നാലെണ്ണം ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ളതാണ്. എല്ലാ ക്ഷേത്രങ്ങളിലും തിരുനാൾ മഹോത്സവങ്ങൾ അത്യാഡംബരപൂർവ്വം കൊണ്ടാടുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ പതിനൊന്നു മുസ്ലിം പള്ളികൾ ഉണ്ട്. മറ്റ് മതവിഭാഗങ്ങളുടെ ദേവാലയങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല.

## സാമുദായിക സംഘടനകൾ

N.S.S, S.N.D.P, മുസ്ലിം ജമാഅത്ത് എന്നീ സാമുദായിക സംഘടനകളുടെ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ സാമുദായിക മൈത്രി നിലനിർത്തുന്നതിനു വളരെ സഹായകമാണ്.

## പ്രശ്നങ്ങൾ

എല്ലാ ഗ്രന്ഥശാലകളും വായനശാലകളും സാമ്പത്തിക പ്രതിസന്ധിയിലാണ്. പല ഗ്രന്ഥശാലകൾക്കും സ്ഥലപരിമിതി ഒരു പ്രശ്നമാണ്.

## നിർദ്ദേശങ്ങൾ

1) ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ ഇവ വാങ്ങുവാൻ ഗ്രേയിഡ് അനുസരിച്ച് ഗ്രാന്റ് നൽകുക

2) സ്ഥലപരിമിതിയുള്ളവയ്ക്കും സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തവയ്ക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ മൊത്തം ചിലവിന്റെ നിശ്ചിതശതമാനം സാമ്പത്തിക സഹായം നൽകുക.

3) ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾക്ക് കലാകായിക ഉപകരണങ്ങൾ വിതരണം ചെയ്യുക.

4) കലാകായിക രംഗത്ത് മികവു തെളിയിക്കുന്ന കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനങ്ങൾക്ക് വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുക.

5) അവശകലാകാരന്മാർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നിയമവ്യവസ്ഥകൾ ലഘൂകരിക്കുക.

പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

### വായനശാല, ഗ്രന്ഥശാല

| Ward | പേര് | വായനശാലയോ ഗ്രന്ഥശാലയോ | സ്ഥലം | ഗ്രന്ഥശാലസംഘത്തിന്റെ ഗ്രാന്റ് ഉണ്ടോ | ഇല്ലയോ | കെട്ടിടം സ്വന്തം വാടക | TV/ Radio |
|---|---|---|---|---|---|---|---|
| 1. | കാപ്പിൽ പബ്ലിക് ലൈബ്രറി | വായനശാലയും ഗ്രന്ഥശാലയും | കാപ്പിൽ | ഉണ്ട് | | സ്വന്തം | T.V ഉണ്ട് |
| 3. | ദേശസേവിനി, പാറയിൽ | വായനശാല ഗ്രന്ഥശാല | പാറയിൽ | ഉണ്ട് | | വാടക | |
| 5. | M.R. മെമ്മോറിയൽ | വായനശാല, ഗ്രന്ഥശാല | ഇടവ | ഉണ്ട് | | സ്വന്തം | TV ഉണ്ട് |
| 5. | ഇടവാ പഞ്ചായത്ത് പബ്ലിക് ലൈബ്രറി | വായനശാല, ഗ്രന്ഥശാല | ഇടവ | | | സ്വന്തം | |
| 7 . | ശ്രീ വിവേകാനന്ദ വിലാസം ഗ്രന്ഥശാല | വായനശാല, ഗ്രന്ഥശാല | വെൺകുളം | ഉണ്ട് | | സ്വന്തം | TV & Radio ഉണ്ട് |
| 8. | ജനതാ ആർട്ട്സ് ലൈബ്രറി | വായനശാല | ജനതാമുക്ക് | | | സ്വന്തം | TV ഉണ്ട് |
| 9. | സ്പോർട്ടിംഗ് സ്റ്റാർ വായനശാല | വായനശാല | മാന്തറ | | ഇല്ല | സ്വന്തം | |
| 10. | ഓടയം വായനശാല (ഓലപ്പുര) | വായനശാല | ഓടയം | | ഇല്ല | സ്വന്തം | |

| വാർഡ് | പേര് | സ്ഥലം | പ്രവർത്തനമേഖല Sports/Arts | കെട്ടിടം സ്വന്തം/വാടക | T.V/Radio ഉണ്ട്/ഇല്ല | സ്പോർട്സ് പരിശീലനം കൊടുക്കുന്നു/ഇല്ല |
|---|---|---|---|---|---|---|
| I | കൈരളി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് , കാപ്പിൽ | കാപ്പിൽ | ആർട്ട്സ് | ഇല്ല | ഇല്ല | ഇല്ല |
| I | ടെംബിൾ ബ്രദേഴ്സ് അസ്സോസിയേഷൻ T.F.A | കാപ്പിൽ | സ്പോർട്ട്സ് | ഇല്ല | ഇല്ല | ഫുട്ബോൾ പരിശീലനം നൽകുന്നു |
| III | തുഷാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | പാറയിൽ | സ്പോർട്ട്സ് | ഇല്ല | ഇല്ല | ഫുട്ബോൾ പരിശീലനം നൽകുന്നു |
| IV | ഇൻവിൻസിബിൾ സ്പോർട്ട്സ് ക്ലബ്ബ് | വെറ്റക്കട | സ്പോർട്ട്സ് | ഉണ്ട് (സ്വന്തം) | ഉണ്ട് | ഫുട്ബോൾ പരിശീലനം നൽകുന്നു. |
| V. | ശ്രീ എയ്റ്റ് ഫുട്ബാൾ അസ്സോസിയേഷൻ | ശ്രീഎയ്റ്റ് (ഇടവ) | സ്പോർട്ട്സ് | ഉണ്ട് (സ്വന്തം) | | ഫുട്ബോൾ പരിശീലനം നൽകുന്നു |
| V. | സ്പോർട്ടിംഗ് സ്റ്റാർ, മാന്തറ | മാന്തറ | സ്പോർട്ട്സ് | ഉണ്ട് (സ്വന്തം) | | ഫുട്ബാൾ പരിശീലനം നൽകുന്നു. |
| VI | നെഹ്റു മെമ്മോറിയൽ ആർട്ട്സ് ക്ലബ്ബ് (NMAC) | പാറയിൽ | ആർട്ട്സ് | | | |
| VI. | ബ്ലൂ ബേർഡ്സ് സോഷ്യൽ കൺസൾട്ടന്റ് അസോസിയേഷൻ | പാറയിൽ | ആർട്ട്സ് | ഉണ്ട് (സ്വന്തം) | TV ഉണ്ട് | |
| VI | സാഗര റിക്രിയേഷൻ ക്ലബ്ബ് | കിണറ്റിൻ കര വിള | ആർട്ട്സ് | വാടക | ഇല്ല | |
| VII | ശ്രീവിവേകാനന്ദ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | വെൺകുളം | ആർട്ട്സ് & സ്പോർട്ട്സ് | ഉണ്ട് (സ്വന്തം) | ഇല്ല | കബഡി, ഫുട്ബാൾ, നൃത്തം, മോഹിനിയാട്ടം പരിശീലനം നൽകുന്നു. |
| VII | സാംസ്കാരിക കേന്ദ്രം, കാട്ടുവിള | വെൺകുളം | ആർട്ട്സ് & സ്പോർട്ട്സ് | ഉണ്ട് (സ്വന്തം) | ഇല്ല | ഇല്ല |
| VII | സ്വരരാഗ കലാസമിതി | വെൺകുളം | ആർട്ട്സ് | ഇല്ല | ഇല്ല | ഇല്ല |
| VII | ജൂബിലി ബ്രദേഴ്സ് കുരുവിള | വെൺകുളം | സ്പോർട്ട്സ് | ഇല്ല | ഇല്ല | |
| VIII. | മേള കൾച്ചറൽ സെന്റർ മൂന്നുംമൂല | വെൺകുളം | ആർട്ട്സ് | ഉണ്ട് (സ്വന്തം) | കേബിൾ TV ഉണ്ട് | ഇല്ല |
| X | ആസാദ് മെമ്മോറിയൽ സ്പോർട്ട്സ് ക്ലബ്ബ് | ഓടയം | സ്പോർട്ട്സ് | ഇല്ല | ഇല്ല | ഫുട്ബാൾ പരിശീലനം നൽകുന്നു |
| III | We want Health | പാറയിൽ | സാമൂഹ്യക്ഷേമം | ഇല്ല | ഇല്ല | ഇല്ല |
| VIII | ജനതാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | ജനതാമുക്ക് | സ്പോർട്ട്സ് | | ഉണ്ട് | നാടകം |



# വനിത

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 53ശതമാനം സ്ത്രീകളാണ്. വിദ്യാഭ്യാസത്തിൽ മുന്നിലെങ്കിലും സാമൂഹ്യപ്രവർത്തനങ്ങളിൽ പൊതുവേ പിന്നോക്കമാണ്. പൊതുരംഗത്ത് പ്രവർത്തിക്കാൻ സ്ത്രീകൾ വിമുഖതകാണിക്കുന്നു. തൊഴിൽ മേഖലയിൽ സ്ത്രീപങ്കാളിത്തം താരതമ്യേന കൂടുതലാണ്. കയർമേഖല, കാർഷിക മേഖല, വിദ്യാഭ്യസമേഖല എന്നിവയിലും സ്ത്രീ പങ്കാളിത്തം മുന്നിൽ തന്നെയാണ്. കെട്ടിട നിർമ്മാണ മേഖലയിലും, ചുടുകട്ട നിർമ്മാണം, മെറ്റൽ ക്രഷിംഗ് എന്നിവയിലും സ്ത്രീകൾ തൊഴിലെടുക്കുന്നു. വിദ്യാഭ്യാസമേഖല ഒഴിച്ച് മറ്റു മേഖലകളിലെല്ലാം വേതന നിരക്ക് പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്. എന്നാൽ സ്വയം തൊഴിൽ പദ്ധതികളായ കോഴിവളർത്തൽ, ആടുവളർത്തൽ, അച്ചാറുനിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, തയ്യൽ പരിശീലനം, നെയ്ത്ത് എന്നിവ കുറഞ്ഞതോതിൽ ഈ പഞ്ചായത്തിൽ കാണപ്പെടുന്നു. നേരിയതോതിൽ നിരക്ഷരർ ഉള്ളതുകൊണ്ട് സാക്ഷരതാ പരിപാടിയും, തുടർ വിദ്യാഭ്യാസപരിപാടിയും ആവശ്യമാണ്

ഈ പഞ്ചായത്തിൽ ഉള്ള മൂന്ന് മഹിളാ സമാജങ്ങളിൽ രണ്ടെണ്ണം നല്ല രീതിയിൽ പ്രവർത്തിക്കുന്നതാണ്. ഒരെണ്ണം പ്രവർത്തനം മുടങ്ങികിടക്കുകയാണ്. ഓരോ വാർഡിലും ഓരോ മഹിളാ സമാജങ്ങളെങ്കിലും തുടങ്ങുവാനുള്ള പ്രവർത്തനം നടത്തണം. ജോലിക്കും മറ്റും പോകുന്ന വനിതകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനായി ഒരു ക്രഷ് തുടങ്ങാൻ ശ്രമിക്കണം.

പൊതുരംഗത്ത് പിന്നിൽ നിൽക്കുന്ന സ്ത്രീകളെ മുൻനിരയിലേക്കു കൊണ്ടുവരുന്നതിന് ബോധപൂർവ്വം ശ്രമിച്ചാൽ മാത്രമെ കഴിയുകയുള്ളൂ. വനിതകൾക്കുനേരെയുള്ള അക്രമങ്ങൾ കുറവാണെങ്കിലും ചില വീടുകളിലെങ്കിലും സ്ത്രീ പീഠനങ്ങൾ നടക്കുന്നുണ്ട്. മദ്യപാനം ആയിരിക്കുംകാരണം ഇതിനെതിരെ ബോധവൽക്കരണം ആവശ്യമാണ്.

## പ്രശ്നങ്ങൾ

(1) സാമൂഹ്യസേവനരംഗത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്.

(2) സ്വയംതൊഴിൽ, കലാകായികരംഗങ്ങൾ, സാമൂഹ്യരാഷ്ട്രീയരംഗങ്ങൾ എന്നീ മേഖലകളിൽ സ്ത്രീ പങ്കാളിത്തം കുറവാണ്.

(3) ഒരേ ജോലിക്കു തന്നെ സ്ത്രീക്കും പുരുഷനും വ്യത്യസ്തവേതനം ലഭിക്കുന്നത്.

(4) സാമ്പത്തിക പ്രശ്നങ്ങളും തൊഴിൽ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും ബാങ്കുകളുടെ നിസ്സഹകരണവും നിലനിൽക്കുന്നു.

(5) അമിതമായ ജോലി ഭാരം കാരണം സ്ത്രീകൾക്ക് പൊതുരംഗത്തേക്ക് കടന്നുവരാൻ കഴിഞ്ഞിരുന്നില്ല. ഉദ്യോഗസ്ഥകളായ വനിതകൾ പ്രതിദിനം 17 മണിക്കൂറിലധികം ജോലി ചെയ്യേണ്ടി വരുന്നു.

(6) വിവിധതരത്തിൽ പെടുന്ന പെൻഷൻ ആനുകൂല്യങ്ങൾ അർഹരായ വനിതകൾക്കുപോലും ലഭിക്കുന്നില്ല.

## പരിഹാരങ്ങൾ

(1) സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ സഹകരണ മേഖലകളിലൂടെ മെച്ചപ്പെടുത്തണം.

(2) സ്വയം തൊഴിൽ യൂണിറ്റുകൾ തുടങ്ങി തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുകയും അതിലൂടെ തൊഴിലില്ലായ്മ അവസാനിപ്പിക്കുകയും ചെയ്യുക. അതിനായി താഴെ പറയുന്ന ചെറുകിട യൂണിറ്റുകൾ ആരംഭിക്കുക.

I ചന്ദനത്തിരി, മെഴുകുതിരി, തയ്യൽ പരിശീലനം, അച്ചാറു നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.

II പഞ്ചായത്തിലെ വിവിധ വാർഡുകളിൽ DWCRA യൂണിറ്റ് ആരംഭിക്കുകയും അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സ്ത്രീകളെ സഹായിക്കുകയും ചെയ്യുക.

III കാർഷികേതര രംഗങ്ങളിലെ വേതനത്തിലുള്ള സ്ത്രീ പുരുഷ അസമത്വം അവസാനിപ്പിക്കുകയും തുല്യ ജോലിക്ക് തുല്യ വേതനം നൽകുകയും വേണം.

IV വനിതകളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനായി MS7 പോലുള്ള നിക്ഷേപപദ്ധതികളുടെ ആനുകൂല്യം പഞ്ചായത്തിലെ മൊത്തം വനിതകൾക്കിടയിലും ലഭ്യമാക്കുക.

V ആരോഗ്യരംഗത്ത് സ്ത്രീകളുടെ പ്രശ്നം പരിഹരിക്കുന്നതിനായി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ആവശ്യമായ ഡാക്ടർമാരെ നിയമിക്കുക.

VI വിദ്യാഭ്യാസമേഖലയിൽ പുരോഗതിയുണ്ടാകുന്നതിനുവേണ്ടി വനിതാ ക്ലബ്ബുകളും സ്ത്രീകൾക്കുവേണ്ടിയുള്ള വായനശാലകളും സ്ഥാപിക്കുക.

VII വിധവാ പെൻഷൻ, അഗതി പെൻഷൻ, കയർതൊഴിലാളി പെൻഷൻ, മാതൃ സഹായ പദ്ധതി എന്നീ ആനുകൂല്യങ്ങൾ അർഹരായ എല്ലാ സ്ത്രീകൾക്കും നൽകുക.

VIII അംഗനവാടികളിലെ പ്രവർത്തനം മെച്ചപ്പെടുത്തുകയും അർഹമായ സേവന വേതന ഘടന ഉണ്ടാക്കുകയും ചെയ്യുക.

IX ഉപഭോക്തൃരംഗത്തെ ചൂഷണം അവസാനിപ്പിക്കുന്നതിനു പഞ്ചായത്തടിസ്ഥാനത്തിൽ വനിതാ ഉപഭോക്തൃ സെൽ രൂപീകരിക്കുക.

X വനിതകൾക്ക് ആരോഗ്യവിദ്യാഭ്യാസം, ശിശുപാലനം, മാതൃസംരക്ഷണം, പരിസരശുചീകരണം, നിയമം, പൊതുപ്രവർത്തനം മുതലായവയിൽ മെച്ചപ്പെട്ട ബോധവൽക്കരണം ഉറപ്പാക്കണം.

XI എല്ലാ രംഗത്തും സ്ത്രീകളുടെ പ്രാതിനിത്യം ഉറപ്പാക്കണം.



# സഹകരണ മേഖല

സഹകരണ മേഖലയിൽ ഈ പഞ്ചായത്തിനു ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള സഹകരണസംഘങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1) ഇടവാ സർവീസ് സഹകരണസംഘം (ക്ലിപ്തം)No. 3782)
2) കൺസ്യൂമർകോ-ഓപ്പറേറ്റീവ് സ്റ്റോർ മാന്തറ
3) കയർ സഹകരണസംഘം , കാപ്പിൽ
4) കയർ സഹകരണസംഘം, പാറയിൽ
5) ഹരിജൻ വെൽഫയർ സൊസൈറ്റി, പാറയിൽ
6) മത്സ്യ വ്യവസായ സഹകരണസംഘം , മാന്തറ
7) വെൺകുളം ക്ഷീര വ്യവസായ സഹകരണ സംഘം, വെൺകുളം

ഇവയിൽ ഇടവാ സർവീസ് സഹകരണ സംഘം, വെൺകുളം ക്ഷീര വ്യവസായ സഹകരണ സംഘം, മത്സ്യ വ്യവസായ സഹകരണ സംഘം മാന്തറ, കാപ്പിൽ കയർ വ്യവസായ സംഘം , പാറയിൽ എന്നിവയാണ് പ്രവർത്തനത്തിലുള്ളത്.

ഇടവ സർവീസ് സഹകരണസംഘം(ക്ലിപ്തം) നമ്പർ 3782 തൃപ്തികരമായി പ്രവർത്തനം നടത്തി വരുന്നു.. 1955 ൽ പ്രവർത്തനം ആരംഭിച്ചു. ഈ സ്ഥാപനത്തിനു ആധുനിക രീതിയിലുള്ള കെട്ടിടവും, ലോക്കറും, വേണ്ടത്ര ജീവനക്കാരുമുണ്ട്. ഇപ്പോൾ 8031 അംഗങ്ങളും 10 ലക്ഷം രൂപ ഓഹരി മൂലധനവും , 43,000 രൂപ സർക്കാർ ഓഹരിയും ഉണ്ട്. മറ്റിനത്തിലുള്ള നിക്ഷേപങ്ങൾ ഉൾപ്പെടെ 4,83,40,911 രൂപയുടെ മൂലധനമുണ്ട്. വായ്പയിനത്തിൽ ഈ സ്ഥാപനം 4,44,17,427 രൂപ നൽകിയതായി കാണുന്നു.

ഈ പഞ്ചായത്തിലെ പ്രധാന സഹകരണ സ്ഥാപനമായ ഈ സംഘത്തിൽ നിന്നും സാധാരണക്കാർക്ക് ഉതകുന്നരീതിയിൽ നൽകുന്ന വിവിധയിനം വായ്പകൾ നൽകുന്നതിനു മുൻഗണന നൽകണം. കാർഷിക വായ്പ, സാധാരണക്കാർക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്കു നൽകുന്ന പൊതു വിതരണകേന്ദ്രങ്ങൾ തുടങ്ങിയവ വിപുലപ്പെടുത്തി ഈ സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു വ്യാപിപ്പിക്കേണ്ടതാണ്. സ്വർണ്ണപ്പണയത്തിന്മേൽ നൽകുന്ന വായ്പക്കു ഒരു പരിധി നിർണ്ണയിക്കേണ്ടതാണ്.

സാമാന്യം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനമാണ് കയർ വ്യവസായ സഹകരണസംഘം, പാറയിൽ. 1963 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന് 424 അംഗങ്ങളും 29100 രൂപ ഓഹരി മൂലധനവും ഉണ്ട്. ഉല്പാദനരംഗത്തു മാത്രമാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇതിന്റെ പ്രവർത്തന മേഖല വിപുലപ്പെടുത്തി മുഴുവൻ കയർതൊഴിലാളികൾക്കും പ്രയോജനപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

വെൺകുളം ക്ഷീരവ്യവസായ സഹകരണ സംഘമാണ് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനം. 1964 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന് 743 അംഗങ്ങളും 22,000 രൂപ അംഗീകൃത ഓഹരി മൂലധനവും ഉണ്ട്. പ്രതിദിനം 1100 ലിറ്റർ പാൽ ശേഖരിക്കുന്ന ഈ സ്ഥാപനം ലാഭാകരമായാണ് പ്രവർത്തിക്കുന്നത്. സംഘത്തിന്റെ ലാഭത്തിൽ നിന്ന് ക്ഷീരകർഷകർക്ക് കുറഞ്ഞ വിലയ്ക്ക്, കാലിത്തീറ്റ, പുൽവിത്ത്, വളം, പശുക്കളെയും, കന്നുകുട്ടികളെയും വാങ്ങുന്നതിന് വായ്പ നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തു സംഘം കൂടുതൽ ജനോപകാരപ്രദമാക്കണം.

മാന്തറ മത്സ്യവ്യവസായ സഹകരണസംഘം , മാന്തറയുടെ പ്രവർത്തനം കാര്യക്ഷമമാക്കി മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനും പ്രവർത്തന മേഖല വിപുലപ്പെടുത്തുന്നതിനും ശ്രമിക്കേണ്ടതാണ്.

പൂട്ടിക്കിടക്കുന്ന പാറയിൽ ഹരിജൻ സൊസൈറ്റിയുടെ പ്രവർത്തനം പുനരുദ്ധരിച്ച് ജനോപകാരപ്രദമാക്കണം.

പ്രവർത്തനം നിലച്ചിരിക്കുന്ന കാപ്പിൽ കയർ സഹകരണസംഘം പുനഃരുദ്ധരിക്കണം.

മാന്തറ സംഘം മുക്കിലെ കൺസ്യൂമർ സൊസൈറ്റി പുനഃരുദ്ധരിക്കണം.

വനിതാ സഹകരണസംഘങ്ങൾക്ക് വളരെയധികം സാദ്ധ്യതയുള്ള പഞ്ചായത്താണ് ഇടവാ. ഈ പഞ്ചായത്തിൽ വാർഡ് I, II, VII, VIII, XI എന്നിവിടങ്ങളിൽ അടിയന്തിരമായി വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന വനിതാ സംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്.

മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന X-ാം വാർഡിൽ നിലവിലുള്ള മാന്തറ ഫിഷറീസ് സഹകരണസംഘത്തിന്റെ പ്രയോജനം ഒട്ടും തന്നെ ലഭ്യമല്ല. ആയത് കൊണ്ട് അടിയന്തിരമായി X-ാം വാർഡിൽ രണ്ട് മത്സ്യതൊഴിലാളി സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

പ്രവർത്തനരഹിതമായി കിടക്കുന്ന ഇടവാ ആർട്ടിസാൻസ് വ്യവസായ സഹകരണസംഘം S(IND)T143 വളരെ വികസനസാദ്ധ്യതയുള്ള സ്ഥാപനമാണ്. സ്വന്തമായി വസ്തുവും കെട്ടിടവുമുള്ള ഈ സഹകരണസ്ഥാപനത്തിന്റെ പുനഃരുദ്ധാരണത്തിൽ അടിയന്തിരനടപടികളുണ്ടാകേണ്ടതാണ്.

സഹകരണ പ്രസ്ഥാനത്തിനു വളരെ വളക്കൂറുള്ള മണ്ണാണ് ഇടവാ ഗ്രാമപഞ്ചായത്ത്. വിവിധ സഹകരണസംഘങ്ങൾ സ്ഥാപിച്ച് തൊഴിൽ മേഖലമെച്ചപ്പെടുത്തി പഞ്ചായത്തിനു മുതൽ കൂട്ട് ഉണ്ടാക്കാവുന്നതാണ്.

## വരവ് സംബന്ധിച്ച വിവരങ്ങൾ (1995-1996)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 182406 | 183336 | 930 മുൻകൂർ പിരിച്ചു |
| സർവ്വീസ് ചാർജ്ജ് | ഇല്ല | | |
| തൊഴിൽ നികുതി | 122005 | 122005 | ഇല്ല |
| വാഹനനികുതി | ഇല്ല | | |
| വിനോദനികുതി | 12577 | 12577 | ഇല്ല |
| അധിക വിനോദ നികുതി | 7589 | 7589 | ഇല്ല |
| പ്രദർശനനികുതി | ഇല്ല | | |
| പ്രദർശന നികുതിയിൻമേലുള്ള സർചാർജ്ജ് | 2056 | 2056 | ഇല്ല |
| ചന്തവരവ് | 54611 | 54611 | ഇല്ല |
| ലാന്റ് സെസ്സ് | ഇല്ല | | |
| ലൈസൻസ് ഫീസ് | 2915 | 2915 | ഇല്ല |
| | 1748 | 1748 | |
| കെട്ടിടനികുതി സർചാർജ്ജ് | ഇല്ല | | |
| വസ്തു കൈമാറ്റ നികുതി75% | 171452 | 171452 | ഇല്ല |
| വസ്തു കൈമാറ്റ നികുതി25% | ഇല്ല | | |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | ഇല്ല | | |
| സംഭാവന | ഇല്ല | | |
| ഡെപ്പൊസിറ്റ് | 250 | 250 | ഇല്ല |
| മറ്റുള്ളവ (ലൈബ്രറിഗ്രാന്റ്) | 29543 | 29543 | |
| **ആകെ** | **587152** | **588082** | |

## ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-1996)

| ഇനം | തുക |
|---|---|
| ഭരണം | 988400 |
| പൊതുമരാമത്ത് | 213517 |
| വിദ്യാഭ്യാസം | 13200 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 67394 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 145868 |
| മറ്റുള്ളവ | 19388 |
| **ആകെ** | **1447767** |
| **ഗ്രാന്റ് വിവരങ്ങൾ** | |
| (VRM വില്ലേജ് റോഡ് മെയിന്റനൻസ് | 14163 |
| MI ചെറുകിട ജലസേചനം | 2310 |
| VTC വെഹിക്കിൾ ടാക്സേഷൻ | 53210 |
| അടിസ്ഥാനനികുതി 25% | 11563 |
| Spl. Grand | 760 |
| JRY | 102400 |
| അൺ ടൈഡ് ഫണ്ട് | 289490 |
| **ആകെ** | **473893** |

# ഉപസംഹാരം

ഇതൊരു തുടക്കമാണ്. ലോകം മുഴുവനും ഉറ്റു നോക്കുന്ന ലോകത്തിനാകെ മാതൃകയാകാവുന്ന തുടക്കം. ഇതുവരെ ഒരു രാജ്യവും പരീക്ഷിച്ചിട്ടില്ലാത്ത ജനകീയാസൂത്രണം എന്ന ഈ പദ്ധതിക്ക് അക്കാരണം കൊണ്ടുതന്നെ മാതൃകകളില്ല. വളരെ ദുഷ്കരമായ ഒരു യജ്ഞത്തിലാണ് നാം. ഈ പ്രവർത്തനങ്ങളുടെ മുന്നോടിയായി നടത്തപ്പെട്ട ശില്പശാലകളും, ഗ്രാമസഭകളും പ്രാരംഭത്തിൽ മന്ദഗതിയിലായിരുന്നെങ്കിൽ പിന്നീട് വമ്പിച്ച ജനപങ്കാളിത്തമാണ് നേടിയത്. എല്ലാവരും ഒത്തൊരുമിച്ച് വിഭാഗീയ ചിന്തകൾക്ക് അതീതമായി ജനകീയാസൂത്രണത്തെ സ്വന്തം പദ്ധതിയായി അംഗീകരിച്ചത് ആശാവഹമാണ്. നാടിന്റെ വികസനമെന്ന ഒരേ ചിന്തയോടുകൂടി ഒത്തൊരുമിച്ചത് ശുഭോദർക്കമാണ്. ഓരോ വർഷവും ഗ്രാമസഭകൾ സമ്മേളിച്ച് സമഗ്രമായ ചർച്ചകൾ നടത്തി പദ്ധതികളുടെ കോട്ടങ്ങളും നേട്ടങ്ങളും വിലയിരുത്തേണ്ടതാണ്. അതിനു പഞ്ചായത്ത് അംഗങ്ങളുടേയും മറ്റും അർപ്പണബോധത്തോടെയുള്ള പ്രവർത്തനവും ഉണ്ടാകണം. നാമെല്ലാം ആഗ്രഹിക്കുന്ന സമത്വസുന്ദരമായ ഒരു "നല്ല നാളെയുടെ" സൃഷ്ടിയ്ക്ക് നമുക്കൊത്തു ചേരാം. ജനകീയാസൂത്രണ പദ്ധതിയുടെ എല്ലാ പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി സഹകരിച്ച ഓരോ വ്യക്തിയോടുമുള്ള കടപ്പാടുകൂടി രേഖപ്പെടുത്തിക്കൊള്ളട്ടെ.

# ഇടവാ ഗ്രാമപഞ്ചായത്ത്



# ഇടവാ കോ-ഓപ്പറേറ്റീവ് ബാങ്ക്




## ബാങ്ക് ഭാരവാഹികൾ

| | |
|---|---|
| N. സദാശിവൻ | പ്രസിഡന്റ് |
| K. നുജ്ജും | വൈസ് പ്രസിഡന്റ് |
| V.S. ഗോപിനാഥൻ നായർ | - ബോർഡ് മെമ്പർ |
| N. ജനാർദ്ദനൻ നായർ | " |
| B. ദേവരാജൻ നായർ | " |
| S. ബാലചന്ദ്രൻ | " |
| M.A. കഫാർ | " |
| N. സോമരാജൻ | " |
| B. ശശിധരൻപിള്ള | " |
| T.M. ആനന്ദൻ | " |
| V. ബേബിഗിരിജ | " |

സെക്രട്ടറി - J. സുരേഷ്

കമ്പ്യൂട്ടർ ടൈപ്പ്സെറ്റിംഗ് - "ബബ്ൾസ്" കംപ്യൂഗ്രാഫിക്സ്', പേട്ട, തിരുവനന്തപുരം - 24 ഫോൺ: 475002
അച്ചടി - മിനർവ ഓഫ്സെറ്റ് പ്രസ്സ്, അക്ഷരവീഥി, പേട്ട, തിരുവനന്തപുരം - 24 ഫോൺ: 464485